സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 22 ബുധൻ ptnizar@rediffmail.com 9037319971 www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

# ഇന്ത്യയടക്കം ആറ് രാജ്യങ്ങളിൽ ഭൂചലനം

## ഒൻപത് മരണം, മുന്നൂറിലധികം പേർക്ക് പരുക്ക്



ഡൽഹിയിൽ മൂന്ന് സെക്കന്റോളം നീണ്ടുനിന്ന ഭൂചലനത്തെ തുടർന്ന് ഫ്ളാറ്റുകളിൽ നിന്ന് പുറത്തേക്കിറങ്ങി നിൽക്കുന്ന ജനങ്ങൾ

ന്യൂഡൽഹി: ഇന്നലെയുണ്ടായ ശക്തമായ ഭൂകമ്പത്തിൽ പാകിസ്താനിലും അഫ്ഗാനിസ്താനിലുമായി ഒൻപത് മരണം. മൂന്നൂറിലധികം പേർക്ക് പരുക്കേറ്റു. നിരവധി വീടുകൾ തകർന്നതായും റിപ്പോർട്ടുകളുണ്ട്. ഇന്ത്യ ഉൾപ്പെടെ ആറ് രാജ്യങ്ങളിൽ ഭൂകമ്പത്തിന്റെ ആഘാതമുണ്ടായി. ഭൂകമ്പത്തോടനുബന്ധിച്ച് ഡൽഹി, ജമ്മുകശ്മീർ തുടങ്ങി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ഭൂചലനം റിപ്പോർട്ട് ചെയ്തു.

വടക്കൻ അഫ്ഗാൻ പ്രവിശ്യയായ ബദക്ഷന് സമീപം ഹിന്ദുകുഷ് പർവത മേഖലയിലാണ് ഭൂചലനത്തിന്റെ പ്രഭവകേന്ദ്രം. ഭൂമിയിൽ നിന്ന് 200 കിലോമീറ്റർ ആഴത്തിലായിരുന്നു ഭൂചലനം ഉണ്ടായത്. പാകിസ്താനിലെ വടക്ക് പടിഞ്ഞാറൻ മേഖലയിലാണ് കൂടുതൽ മരണം.സ്വാത്ത് മേഖലയിൽ 150 ലധികം പേർക്ക് പരുക്കേറ്റു. ഇവിടെ കുട്ടികളടക്കം മരിച്ചെന്നാണ് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. കെട്ടിടങ്ങൾ തകർന്ന് വീണാണ് അധികം പേർക്കും പരുക്ക് പറ്റിയത്.

ഖൈബർ പഖ്തൂൺ മേഖലയിൽ ഒരു പോലിസ് സ്റ്റേഷൻ ഭൂകമ്പത്തിൽ തകർന്നു. അഫ്ഗാനിലെ ലെഖ്മാൻ മേഖലയിലാണ് കൂടുതലും ആഘാതം ഉണ്ടായത്. പലയിടങ്ങളും ഫോൺ ഇന്റർനെറ്റ് സേവനങ്ങൾ ഇല്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ പുറത്ത് വന്നിട്ടില്ല. രക്ഷാ പ്രവർത്തകർ അപകടം റിപ്പോർട്ട് ചെയ്ത എല്ലാ സ്ഥലങ്ങളിലും എത്താൻ ശ്രമിക്കുന്നു. ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. കഴിഞ്ഞ വർഷം കിഴക്കൻ അഫ്ഗാനിസ്ഥാനിൽ ഉണ്ടായ ഭൂചലനത്തിൽ ആയിരത്തിലധികം പേരാണ് മരിച്ചത്.

## സി.ബി.ഐയുടേയും ഇ.ഡിയുടേയും ദുരുപയോഗത്തിനെതിരേ സംയുക്ത പ്രതിപക്ഷ ഹർജി




ന്യൂഡൽഹി: സി.ബി.ഐ, എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ് എന്നീ കേന്ദ്ര അന്വേഷണ ഏജൻസികളുടെ ദുരുപയോഗത്തിനെതിരേ പ്രതിപക്ഷം സംയുക്ത ഹർജി നൽകും. കോൺഗ്രസിനെ ഒഴിവാക്കിക്കൊണ്ട് ആം ആദ്മി പാർട്ടി, തൃണമൂൽ കോൺഗ്രസ്, ഭാരത് രാഷ്ട്ര സമിതി എന്നീ പാർട്ടികളാണ് ഹർജിയുമായി കോടതിയെ സമീപിക്കുക. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ മറ്റ് മുഖ്യമന്ത്രിമാർക്ക് പ്രതിപക്ഷ ഐക്യം ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കത്തെഴുതിയിരുന്നു. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, ജാർഖണ്ഡ് മുഖ്യമന്ത്രി ഹേമന്ത് സോറൻ, തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ, കേരള മുഖ്യമന്ത്രി പിണറായി വിജയൻ, ബിഹാർ മുഖ്യമന്ത്രി നിതീഷ് കുമാർ, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് മൻ എന്നിവർക്കാണ് കത്തെഴുതിയത്. മാർച്ച് 18ന് ഇവരെ ഡൽഹിയിൽ ഒരു അത്താഴ വിരുന്നിന് ക്ഷണിക്കുകയും ചെയ്തിരുന്നു.

ഇന്ത്യയുടെ പുരോഗമന മുഖ്യമന്ത്രിമാരുടെ ഗ്രൂപ്പ്' അല്ലെങ്കിൽ ജി-8 എന്ന സംഘടന ആരംഭിക്കുന്നതിന് വേണ്ടിയായിരുന്നു യോഗം ചേർന്നത്. എന്നാൽ സംഘടനാ രൂപീകരണത്തിന് തീരുമാനമായില്ല.

കൂടാതെ ത്രിപുരയിലും പശ്ചിമ ബംഗാളിലും കോൺഗ്രസ്, ഡി.എം.കെ, ജനതാദൾ (യുണൈറ്റഡ്) ജെ.ഡി.യു എന്നിവരുമായി സി.പി.ഐ.എം സഖ്യമായി പ്രവർത്തിച്ചിരുന്നു. അതിനാൽ ഡൽഹിയിൽ വരണമെന്ന നിർദേശം എല്ലാ പാർട്ടികളും അംഗീകരിച്ചോ ഇല്ലയോ എന്ന കാര്യത്തിൽ വ്യക്തതയില്ല.

ബി.ജെ.പി സർക്കാർ കേന്ദ്ര അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്യുന്നുവെന്ന വിഷയത്തിൽ സമവായമുണ്ടാക്കാൻ എ.എ.പി, ടി.എം.സി, ബി.ആർ.എസ് എന്നീ പാർട്ടികൾ ശ്രമിക്കുന്നുവെന്നാണ് റിപ്പോർട്ടുകൾ. സി.ബി.ഐ.യുടയേും ഇ.ഡി.യുടയേും ദുരുപയോഗത്തിനെതിരേ സുപ്രീം കോടതിയിലോ ഡൽഹി ഹൈക്കോടതിയിലോ സംയുക്ത ഹർജി ഫയൽ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുകയാണ്.

## സ്വപ്നയുടെ നിയമനങ്ങളും ഇഡി അന്വേഷിക്കും; സ്പേസ് പാർക്കിലെ നിയമനത്തിന്റെ വിശദാംശങ്ങൾ തേടി



കൊച്ചി: സ്വർണക്കടത്ത് കേസ് പ്രതി സ്വപ്ന സുരേഷിന്റെ സ്പേസ് പാർക്കിലെ നിയമനത്തിൽ വിശദാംശങ്ങൾ തേടി ഇഡി. സ്വപ്ന സുരേഷിന്റെ നിയമനങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി) നടത്തുന്ന അന്വേഷണത്തിന്റെ ഭാഗമായാണ് വിശദാംശങ്ങൾ തേടിയത്. വിഷയത്തിൽ സ്പേസ് പാർക്ക് സ്പെഷ്യൽ ഓഫിസറായിരുന്ന സന്തോഷ് കുറുപ്പിന്റെ മൊഴിയെടുത്തു. പ്രൈസ് വാട്ടേഴ്സ് ഹൗസ് കൂപ്പേഴ്സ് പ്രതിനിധികൾക്കും ഇഡി നോട്ടീസ് അയച്ചു.സ്വർണ്ണക്കടത്ത് കേസ് പുറത്ത് വന്നതോടെ സ്വപ്ന കൺസൾട്ടിംഗ് കമ്പനിയായ പ്രൈസ് വാട്ടർഹൗസ് കൂപ്പേഴ്സിന്റെ ജീവനക്കാരി മാത്രമെന്നായിരുന്നു സർക്കാരിന്റയേും സി.പി.എമ്മിന്റയേും വാദം. അന്നുയർന്ന ആരോപണങ്ങളെ രണ്ടര വർഷങ്ങൾക്കിപ്പുറം ബലപ്പെടുത്തുകയാണ് എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ് കഴിഞ്ഞ ദിവസം കോടതിയിൽ നൽകിയ വാട്സ്ആപ്പ് ചാറ്റുകൾ. മുഖ്യമന്ത്രി പിണറായി വിജയൻ നേതൃത്വം നൽകിയ ഐ.ടി വകുപ്പിനു കീഴിലുള്ള കെ.എസ്.ഐ.ടി.ഐ.എല്ലിന്റെതാണ് സ്പേസ് പാർക്ക് പദ്ധതി. ഇവിടെ ഓപ്പറേഷൻസ് മാനേജരായിട്ടായിരുന്നു സ്വപ്ന സുരേഷിന്റെ നിയമനം. 2019 ഒക്ടോബർ മുതൽ ശമ്പളമായി സ്വപ്നക്ക് കിട്ടിയത് മാസം 1,12,000 രൂപയാണ്. അന്നത്തെ കെ.എസ്.ഐ.ടി.ഐ.എൽ എം.ഡി ജയശങ്കർ പ്രസാദ് നടത്തിയ ഒരു കൂടിക്കാഴ്ച മാത്രമായിരുന്നു ഒരേയൊരു നിയമന നടപടി. നിയമനം ശിവശങ്കർ നേരിട്ട് നടത്തിയതാണെന്നും മുഖ്യമന്ത്രിക്ക് പങ്കുണ്ടെന്നും സ്വപ്ന തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ സ്പെയ്സ് പാർക്ക് പദ്ധതിയിൽ സ്വപ്ന സുരേഷിന്റെ നിയമനം മുഖ്യമന്ത്രിയുടെ അറിവോടെയെന്ന് തെളിയിക്കുന്ന വാട്സ്ആപ്പ് ചാറ്റുകൾ പുറത്തുവന്നതോടെ സ്വർണ്ണക്കടത്ത് വിവാദ നാളുകളിൽ സി.പി.എം നടത്തിയ വലിയ പ്രതിരോധമാണ് പൊളിയുന്നത്.

# പോലിസ് സേനയെ വെട്ടിച്ച് അമൃത്പാൽ

## വിവിധ രൂപത്തിലുള്ള ചിത്രങ്ങൾ പതിപ്പിച്ച് പഞ്ചാബ് പോലിസ്



അമൃതസർ: പഞ്ചാബ് പോലിസിനെ കബളിപ്പിച്ച് ഖലിസ്ഥാൻ അനുകൂലിയും 'വാരിസ് പഞ്ചാബ് ദേ' തലവനുമായ അമൃത്പാൽ സിംഗ് കടന്നുകളഞ്ഞതായി സൂചന. അമൃത്പാലിനായുള്ള തിരച്ചിൽ ഊർജിതമാക്കി പഞ്ചാബ് പോലിസ്. അതേസമയം,അമൃത്പാലുമായി ബന്ധപ്പെട്ട ഹർജി പരിഗണിച്ച പഞ്ചാബ്- ഹരിയാന ഹൈക്കോടതി പോലിസിനെ രൂക്ഷമായ ഭാഷയിൽ വിമർശിച്ചു. 80,000 പോലിസുകാരുണ്ടായിട്ടും അമൃത്പാൽ എങ്ങനെ കടന്നുകളഞ്ഞുവെന്ന് ജഡ്ജി എൻ.എസ് ശെഖാവത്ത് ചോദിച്ചു. അമൃത്പാലുമായി ബന്ധപ്പെട്ട വിശദ റിപ്പോർട്ട് നാല് ദിവസത്തിനകം സമർപ്പിക്കാൻ പോലിസിനോടു കോടതി നിർദേശിച്ചു. വിഷയത്തിൽ കോടതിയെ സഹായിക്കുന്നതിനുള്ള അമിക്കസ് ക്യൂരിയായി തനുബേദിയെ നിയമിച്ചു. ശനിയാഴ്ച ജലന്തറിൽ പോലിസിനെ വെട്ടിച്ച് കാറിൽ കടന്ന അമൃത്പാൽ, പ്രദേശത്തുള്ള ഗുരുദ്വാരയിൽ ഒളിച്ചെന്നും പിന്നീട് വേഷം മാറി, ബൈക്കിൽ പോയെന്നും പഞ്ചാബ് ഐ.ജി സുഖ്ചെയ്ൻ സിങ് ഗിൽ അറിയിച്ചു. സിസിടിവി ദൃശ്യങ്ങളുടെ അടിസ്ഥാനത്തിൽ ഈ കാർ കണ്ടെടുത്തു. ഇതിൽ നിന്നും തോക്ക്, വാൾ എന്നിവയും കണ്ടെടുത്തു. പല വേഷത്തിലും രൂപത്തിലുമുള്ള അമൃത്പാലിന്റെ ചിത്രങ്ങളടങ്ങിയ നോട്ടീസുകൾ പഞ്ചാബിൽ ഉടനീളം പൊലീസ് പതിപ്പിച്ചു. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി സംസ്ഥാനത്ത് മൊബൈൽ, ഇന്റർനെറ്റ് സേവനങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന നിരോധനം പിൻവലിച്ചു. രാജ്യം വിടാനുള്ള സാധ്യതയുള്ളതിനാൽ വിമാനത്താവളങ്ങളിലും ജാഗ്രതനിർദേശം നൽകിയിട്ടുണ്ട്. അതിർത്തികളിൽ ഉൾപ്പെടെ ശക്തമായ പരിശോധന നടക്കുന്നുണ്ട്.

# മദ്യം വാങ്ങിയാൽ ഉത്തരാഖണ്ഡിലും പശുസംരക്ഷണത്തിന് സെസ്





ന്യൂഡൽഹി: എല്ലാ ബ്രാൻഡുകളിലുമുള്ള മദ്യക്കുപ്പികൾക്ക് മൂന്നു രൂപ സെസ് ചുമത്തി ഉത്തരാഖണ്ഡിലെ ബി.ജെ.പി സർക്കാർ. പശു സംരക്ഷണം, സ്ത്രീ ക്ഷേമം, കായികം എന്നിവക്ക് ഓരോ രൂപ വീതമാണ് സെസിൽ നിന്ന് ഉപയോഗിക്കുകയെന്നും സർക്കാർ അറിയിച്ചു. ഉത്തരാഖണ്ഡിലെ 32% പുരുഷന്മാരും മദ്യം ഉപയോഗിക്കുന്നതായാണ് കണക്ക്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ ഏറ്റവും ഉയർന്ന മദ്യ ഉപഭോഗ നിരക്കാണിത്. തിങ്കളാഴ്ച ചേർന്ന മന്ത്രിസഭാ യോഗത്തിലാണ് സംസ്ഥാനത്തിന്റെ എക്സൈസ് നയം പുനഃപരിശോധിക്കാൻ തീരുമാനമായത്. മൂന്ന് രൂപ സെസ് ഏർപ്പെടുത്തിയതിന് പുറമെ, മദ്യവില കുറയ്ക്കാനും സർക്കാർ തീരുമാനിച്ചു. ഇതുവഴി മദ്യത്തിന് ബ്രാൻഡ് അനുസരിച്ച് കുപ്പി ഒന്നിന് 100 രൂപ മുതൽ 300 രൂപ വരെ വില കുറയും. വിദേശമദ്യം വിൽക്കുന്ന ലൈസൻസുള്ളവർക്ക് 10ശതമാനം ഫീസ് അടച്ച് വീണ്ടും പ്രവർത്തിപ്പിക്കാമെന്നും നാടൻ മദ്യവിൽപ്പനശാലകളുള്ള ലൈസൻസുള്ളവർക്ക് 15% അധിക ഫീസ് അടച്ച് കച്ചവടം തുടരാമെന്നും സംസ്ഥാന എക്സൈസ് സെക്രട്ടറിയും കമ്മീഷണറുമായ ഹരിചന്ദ്ര സെംവാൽ പറഞ്ഞു. ഉത്തരാഖണ്ഡ് സർക്കാരിന്റെ ഈ വർഷം മദ്യശാലകളിൽ നിന്നുള്ള വരുമാനം 4000 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ വർഷം 3600 കോടിയായിരുന്നു ലക്ഷ്യം. നാടൻ മദ്യത്തിൽ മായം ചേർക്കുന്നത് തടയാൻ ഗ്ലാസ് ബോട്ടിലുകൾക്ക് പകരം ടെട്രാ പായ്ക്കറ്റുകളിലാക്കി വിൽക്കാൻ സർക്കാർ തീരുമാനിച്ചു. പുതിയ വ്യവസ്ഥകൾ പ്രകാരം ഉത്തരാഖണ്ഡിലെ മദ്യവില ഇനി ഉത്തർപ്രദേശിലേതിന് സമാനമായി തുടരും. ഉത്തർപ്രദേശിനെ അപേക്ഷിച്ച് ബ്രാൻഡിന്റെ മദ്യവിലയിൽ 20 രൂപയിൽ കൂടുതൽ വിലയിൽ വ്യത്യാസമുണ്ടാകില്ലെന്നും മദ്യക്കടത്ത് തടയാനാണ് നടപടിയെന്നും അധികൃതർ അറിയിച്ചു. അതേസമയം, കോൺഗ്രസ് അധ്യക്ഷൻ കരൺ മഹാര സർക്കാരിന്റെ തീരുമാനത്തെ എതിർത്തു. തീരുമാനം ദൗർഭാഗ്യകരമാണെന്നും പുതിയ നടപടി മദ്യമാഫിയക്ക് പൂർണ സംരക്ഷണം നൽകുന്നതാണെന്നും എല്ലാ വീടുകളിലും മദ്യം എത്തിക്കാനുള്ള നീക്കമാണെമെന്നും കോൺഗ്രസ് ആരോപിച്ചു. ഹിമാചൽ പ്രദേശാണ് പശു സംരക്ഷണത്തിന് മദ്യസെസ് ഏർപ്പെടുത്തുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം. ബോട്ടിലിന് പത്തുരൂപയാണ് ഹിമാചലിൽ സെസ് ഏർപ്പെടുത്തിയിട്ടുള്ളത്.

## ചികിത്സാ ചെലവിൽ ആശങ്ക; അമിതമായി ഓക്സിജൻ ശ്വസിച്ച് യുവാവ് ഹോട്ടൽമുറിയിൽ ജീവനൊടുക്കി



ന്യൂഡൽഹി: ദീർഘ നാളായി അസുഖബാധിതനായ യുവാവ് ചികിത്സാ ചെലവ് താങ്ങാനാകാത്തതിനാൽ ഹോട്ടലിൽ മുറിയെടുത്ത് ഓക്സിജൻ സിലിണ്ടറിൽ നിന്ന് അമിതമായി ഓക്സിജൻ ശ്വസിച്ച് ആത്മഹത്യ ചെയ്തായി പൊലീസ്. 24 കാരനായ നിതേഷ് എന്ന യുവാവിന്റെ മൃതദേഹമാണ് ഹോട്ടലിൽ നിന്ന് കണ്ടെത്തിയത്. പോലിസ് കണ്ടെടുത്ത ആത്മഹത്യാക്കുറിപ്പിൽ ഇയാൾ ദീർഘനാളായി അസുഖബാധിതനാണെന്നും ചികിത്സാ ചെലവിലുള്ള ആശങ്കയാണ് ആത്മഹത്യയ്ക്ക് കാരണമെന്നും എഴുതിവെച്ചതായി സൂചിപ്പിക്കുന്നു.

ചൊവ്വാഴ്ച നോർത്ത് ദില്ലയിലെ ആദർശ് നഗറിൽ ഹോട്ടൽ മുറിയെടുത്ത നിതേഷ് ബാഗുമായാണ് മുറിയിലേക്ക് പോയത്. ഓക്സിജൻ സിലിണ്ടറും ട്യൂബുമായിരുന്നു ബാഗിൽ. പ്ലാസ്റ്റിക് കവറുകൊണ്ട് മുഖം മറച്ച നിലയിലാണ് ഇയാളെ മരിച്ച നിലയിൽ കണ്ടെത്തിയത്. പ്ലാസ്റ്റിക് ബാഗിൽ നിന്ന് ഒരു ചെറിയ ഓക്സിജൻ സിലിണ്ടറുമായി ബന്ധിപ്പിച്ച ട്യൂബ് കണ്ടെടുത്തു. അമിതമായി ഓക്സിജൻ എടുക്കുമ്പോൾ ഹൃദയമിടിപ്പ് മന്ദഗതിയിലാക്കി അപകടകരമാംവിധം താഴ്ന്ന നിലയിലായി മരണ കാരണമാകുമെന്ന് വിദഗ്ധർ പറയുന്നു.

തന്റെ ചികിത്സക്കായി മാതാപിതാക്കൾ കൂടുതൽ പണം ചെലവഴിക്കാൻ ആഗ്രഹിക്കാത്തതിനാൽ ജീവിതം അവസാനിപ്പിക്കാൻ വേദനയില്ലാത്ത മാർഗത്തിനായി ഓൺലൈനിൽ തിരഞ്ഞു. അങ്ങനെയാണ് ഓക്സിജൻ സിലിണ്ടർ രീതി ഇയാൾ കണ്ടെത്തിയതെന്നും ആത്മഹത്യാക്കുറിപ്പിനെ ഉദ്ധരിച്ച് പോലിസ് പറഞ്ഞു. ഫോൺ പരിശോധിച്ചപ്പോൾ ഇതുമായി ബന്ധപ്പെട്ട നിരവധി വീഡിയോകൾ യുവാവ് കണ്ടതായി പോലിസ് അറിയിച്ചു.

## സമരം ചെയ്യുന്ന സർക്കാർ ജീവനക്കാർ പ്രത്യാഘാതം അനുഭവിക്കേണ്ടി വരും: കേന്ദ്ര സർക്കാർ

ന്യൂഡൽഹി: സമരം ചെയ്യുന്ന സർക്കാർ ജീവനക്കാർക്കെതിരേ കടുത്ത നിലപാടെടുക്കുമെന്ന് കേന്ദ്ര സർക്കാർ ഉത്തരവ്. ഓൾഡ് പെൻഷൻ പദ്ധതി പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് നാഷനൽ ജോയിന്റ് കൗൺസിൽ ഓഫ് ആക്ഷൻ ചൊവ്വാഴ്ച രാജ്യവ്യാപകമായി ജില്ലാതല റാലി ആഹ്വാനം ചെയ്ത സാഹചര്യത്തിലാണ് സർക്കാർ ഉത്തരവ്. കേന്ദ്ര സർക്കാർ വകുപ്പുകളുടെ സെക്രട്ടറിമാർക്ക് പേഴ്സനൽ ആൻഡ് ട്രെയിനിങ് വകുപ്പ് തിങ്കളാഴ്ച നൽകിയ ഉത്തരവിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. കൂട്ട കാഷൽ ലീവ്, മെല്ലപ്പോക്ക് സമരം, ധർണ തുടങ്ങി ഏതെങ്കിലും സമരമോ ഇതിന് പ്രേരിപ്പിക്കുന്നതോ ആയ ഏതെങ്കിലും പ്രവൃത്തിയോ മറ്റോ ജീവനക്കാരുടെ ഭാഗത്തുനിന്ന് ഉണ്ടാവുന്നത് 1964ലെ സി.സി.എസ് നിയമം ഏഴിന്റെ ലംഘനമായിരിക്കുമെന്ന് ഉത്തരവിൽ വിശദീകരിക്കുന്നു.സർക്കാർ ജീവനക്കാർക്ക് സമരം ചെയ്യാമെന്ന് കാണിക്കുന്ന നിയമങ്ങളൊന്നും തന്നെ നിലവിലില്ല. സർക്കാർ ജീവനക്കാർ സമരത്തിനിറങ്ങുന്നത് ചട്ടലംഘനമാണെന്നും അത് നിയമപ്രകാരം നേരിടാമെന്നും സുപ്രീം കോടതി നിരവധി തവണ വ്യക്തമാക്കിയതാണ്', ഉത്തരവിൽ പറയുന്നു. പ്രതിഷേധം നടത്താൻ തീരുമാനിച്ച തീയതികളിൽ അവധി നൽകരുതെന്നും ജോലിക്ക് ഹാജരാകുന്നവർക്ക് തടസ്സമില്ലാതെ ഓഫിസ് വളപ്പിനകത്ത് പ്രവേശിക്കാൻ സംവിധാനമൊരുക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

# മോദി വിരുദ്ധ പോസ്റ്ററുകൾ: ഡൽഹിയിൽ നാലുപേർ അറസ്റ്റിൽ

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് രണ്ടായിരത്തോളം മോദി വിരുദ്ധ പോസ്റ്ററുകൾ പിടിച്ചെടുത്തു. പ്രധാനമന്ത്രി നരേന്ദ്രമോദിയെ അധികാരത്തിൽ നിന്ന് പുറത്താക്കണമെന്നാവശ്യപ്പെട്ടാണ് പോസ്റ്ററുകൾ. സംഭവത്തിൽ നാലുപേരെ ഡൽഹി പോലിസ് അറസ്റ്റ് ചെയ്തു. രണ്ടുപേർ പ്രിന്റിങ് പ്രസ് നടത്തിവരുന്നവരാണ്. 44 കേസുകളാണ് പോലിസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മോദിയെ പുറത്താക്കൂ, രാജ്യത്തെ രക്ഷിക്കൂ എന്നായിരുന്നു പോസ്റ്ററുകളിൽ ആവശ്യപ്പെട്ടിരുന്നത്. ആംആദ്മി പാർട്ടിയുടെ ഓഫീസിലേക്ക് എത്തിക്കാനുള്ള പോസ്റ്ററുകളാണ് പിടിച്ചെടുത്തത് എന്നാണ് വിവരം. പോസ്റ്ററുകൾ എ.എ.പി ആസ്ഥാനത്ത് എത്തിക്കാൻ നിർദേശം നൽകിയതായി ഡ്രൈവർ പോലിസിനോട് പറഞ്ഞു. 50,000 പോസ്റ്ററുകൾ അച്ചടിക്കാൻ ഓർഡർ ലഭിച്ചതായി അറസ്റ്റിലായ



പ്രിന്റിങ് പ്രസ് ഉടമകൾ പറഞ്ഞു. അതേസമയം, വിഷയത്തിൽ പ്രതികരിക്കാൻ ആം ആദ്മി പാർട്ടി ഇതുവരേയും തയ്യാറായിട്ടില്ല. അതേസമയം, ഒട്ടേറെ നാടകീയ സംഭവങ്ങൾക്കൊടുവിൽ ഡൽഹി ബജറ്റ് ഇന്ന് അവതരിപ്പിക്കും. മുഖ്യമന്ത്രി കെജ്രിവാൾ ഇന്ന് ബജറ്റ് അവതരിപ്പിക്കുമെന്നാണ് വിവരം. ബജറ്റ് അവതരണത്തിന് കേന്ദ്രസർക്കാർ അനുമതി നൽകിയിരിക്കുകയാണ്. അടിസ്ഥാന സൗകര്യവികസനത്തിനും പരസ്യത്തിനും മാറ്റി വെച്ചതുകയിൽ വിശദീകരണം തേടിയാണ് കേന്ദ്രം അനുമതി നിഷേധിച്ചത്. ഇതിൽ ഡൽഹി സർക്കാർ വിശദീകരണം നൽകിയ സാഹചര്യത്തിലാണ് ഇപ്പോഴത്തെ നടപടിയെന്നാണ് സൂചന. വിഷയത്തിൽ കേന്ദ്ര സർക്കാരിന്റേത് ഭരണഘടന വിരുദ്ധ നടപടിയെന്ന് കുറ്റപ്പെടുത്തിയ മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച് പ്രധാനമന്ത്രിക്ക് കത്തും നൽകിയിരുന്നു.

## കടുവയെ വീണ്ടും കണ്ടതായി നാട്ടുകാർ; ഭീതിയൊഴിയാതെ ഇരട്ടയാർ

ഇടുക്കി: ഇരട്ടയാറിൽ വീണ്ടും കടുവയെ കണ്ടതായി നാട്ടുകാർ. കഴിഞ്ഞ രാത്രിയിൽ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങിയ ആളാണ് വഴിയരികിൽ കടുവ നിൽക്കുന്നത് കണ്ടത്. കഴിഞ്ഞ ഒരാഴ്ചയായി കടുവ ഭീതിയിലാണ് ഇരട്ടയാർ പഞ്ചായത്തിലെ ഇടിഞ്ഞമല, അടയാളക്കല്ല് മേഖല. അതേസമയം വാത്തികുടിയിൽ കണ്ടത് പുലി വർഗത്തിൽപ്പെട്ട ജീവി ആകാമെന്ന് വനം വകുപ്പ് അറിയിച്ചു. ഇവിടെ കൂട് സ്ഥാപിക്കുമെന്നും അധികൃതർ പറഞ്ഞു. ഇതിനിടെ തിങ്കളാഴ്ച പുലർച്ചെ ഉദയഗിരി ടവർ ജങ്ഷനിൽ ബൈക്ക് യാത്രികൻ രണ്ട് കടുവകളെ കണ്ടിരുന്നു. എന്നാൽ വനപാലകർ സ്ഥലത്ത് എത്തി പരിശോധന നടത്തിയെങ്കിലും കടുവയെ കണ്ടെത്താനായില്ല. ഇടുക്കി വെട്ടിക്കാമറ്റം കവലയിലെ റോഡരികിലും കൃഷിയിടങ്ങളിലും വന്യജീവിയുടെ കാൽപ്പാടുകൾ പതിഞ്ഞിട്ടുണ്ട്. എന്നാൽ ഇത് കടുവയുടേതാണെന്ന് സ്ഥിരീകരിച്ചിട്ടില്ല.



## സർവകലാശാല ഭേദഗതി ബിൽ ഉൾപ്പെടെയുള്ള ബില്ലുകളിൽ ഉടൻ തീരുമാനം: ഗവർണർ



ന്യൂഡൽഹി: സർവകലാശാല ഭേദഗതി ബിൽ ഉൾപ്പെടെ ഇനി ഒപ്പിടാനുള്ള ബില്ലുകളിൽ ഉടൻ തീരുമാനമെടുക്കുമെന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഭരണഘടനാപരമായ കർത്തവ്യം നിർവഹിക്കലാണ് തന്റെ ഉത്തരവാദിത്വമെന്നും ആരിഫ് മുഹമ്മദ് ഖാൻ ഡൽഹിയിൽ പറഞ്ഞു. വഖഫ് ബില്ലിലും മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ കേരള ബാങ്കിൽ ലയിപ്പിക്കാനുള്ള ബില്ലിലുമാണ് ഗവർണർ ഒപ്പിട്ടത്. എന്നാൽ, വിവാദ ബില്ലുകളിൽ ആരിഫ് മുഹമ്മദ് ഖാൻ ഇതുവരെ ഒപ്പുവെച്ചിട്ടില്ല. ചാൻസലർ ബില്ലും ലോകായുക്താ ബില്ലുമടക്കം സംസ്ഥാന നിയമസഭ പാസാക്കിയ എട്ട് ബില്ലുകളിലാണ് അനുമതി കാത്തിരിക്കുന്നത്. ഇവയിൽ രണ്ട് ബില്ലിലാണ് ഗവർണർ കഴിഞ്ഞ ദിവസം ഒപ്പുവച്ചത്. തെലങ്കാന സർക്കാർ ഗവർണർക്കെതിരേ സുപ്രീംകോടതിയെ സമീപിച്ചതുപോലെ കേരളം സമീപിച്ചാലോ എന്ന മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് അത് ഓരോരുത്തരുടെയും അവകാശമാണെന്നാണ് ഗവർണർ മറുപടി നൽകിയത്.

# എൽ. ജി. ബി. ടി. ക്യു നിയമവിരുദ്ധമാക്കി ഉഗാണ്ട പാർലമെന്റ്

കംപാല: ലൈംഗിക ന്യൂനപക്ഷങ്ങളെ നിയമവിരുദ്ധമാക്കി ആദ്യനിയമം പാസാക്കി ഉഗാണ്ട പാർലമെന്റ്. ഈ നിയമ പ്രകാരം സ്വവർഗാനുരാഗികളായോ ലൈംഗിക ന്യൂനപക്ഷമായോ ജീവിക്കുന്നത് ക്രിമിനൽ കുറ്റമാണ്. ഉഗാണ്ട ഉൾപ്പെടെ 30ഓളം ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വവർഗ രതി നേരത്തെ നിരോധിച്ചിട്ടുണ്ട്. ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, ക്വീർ (എൽ.ജി.ബി.ടി.ക്യു) എന്നിവരെ നിയമവിരുദ്ധമാക്കുന്ന ആദ്യ നിയമമാണ് പുതിയ നിയമം. കുട്ടികളുടെ സംരക്ഷണത്തിന് വേണ്ടിയാണ് നിയമം പാസാക്കിയതെന്ന് ജനപ്രതിനിധി ഡേവിഡ് ബാഹത്തി പറഞ്ഞു. ഇത് നമ്മുടെ രാജ്യത്തിന്റെ പരമാധികാരമാണ്. ഇതിനെ ആരും ചോദ്യം ചെയ്യരുതെന്നും ഭയപ്പെടുത്തരുതെന്നും അദ്ദേഹം പറഞ്ഞു. ബിൽ ഒപ്പ് വെക്കുന്നതിനായി പ്രസിഡന്റ് യോവേരി മുസെവേനിക്ക് അയയ്ക്കുമെന്നും ഡേവിഡ് ബാഹത്തി അറിയിച്ചു. പാർലമെന്റിൽ വലിയ പിന്തുണയോടെയാണ് ബിൽ ചൊവ്വാഴ്ച പാസായത്. എന്നാൽ പ്രസിഡന്റ് ഒപ്പുവെക്കുന്നതോടെ മാത്രമേ ബിൽ നിയമമാകൂ. അതേസമയം, ബില്ലിനോട് പ്രസിഡന്റിന് എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യാം. സ്വവർഗാനുരാഗികളെക്കുറിച്ച് കുടുംബാംഗങ്ങൾക്കോ അടുത്ത സുഹൃത്തുക്കൾക്കോ വിവരം ലഭിച്ചാൽ അക്കാര്യം അധികൃതരെ അറിയിക്കണം. കുട്ടികളെ സ്വവർഗലൈംഗികതയ്ക്ക് പ്രേരിപ്പിക്കുകയോ അതിനുവേണ്ടി കടത്തിക്കൊണ്ടുപോകുകയോ ചെയ്യുന്നവർക്ക് ജീവപര്യന്തം തടവു ശിക്ഷ നൽകാനും ബിൽ വ്യവസ്ഥചെയ്യുന്നു.



# ഡൽഹിയിലെ യു.കെ ഹൈക്കമ്മീഷന് സുരക്ഷ വെട്ടിക്കുറച്ച് കേന്ദ്ര സർക്കാർ




ലണ്ടനിൽ ഇന്ത്യൻ ഹൈക്കമ്മീഷന്റെ ബാൽക്കണിയിൽ വലിഞ്ഞു കയറിയ ഖലിസ്ഥാൻ പ്രതിഷേധക്കാരിൽ ഒരാൾ ദേശീയ പതാക താഴെയിറക്കാൻ ശ്രമം നടത്തിയപ്പോൾ

ന്യൂഡൽഹി: ലണ്ടനിൽ ഇന്ത്യൻ ഹൈക്കമ്മീഷന് നേരെയുള്ള ഖലിസ്ഥാൻ പ്രതിഷേധത്തിനു പിന്നാലെ ഇന്ത്യയിലെ യു.കെ ഹൈക്കമ്മീഷന് ഏർപ്പെടുത്തിയ സുരക്ഷ കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. യു.കെ ഹൈക്കമ്മീഷന് മുന്നിലുള്ള സുരക്ഷാ ബാരിക്കേഡുകൾ നീക്കം ചെയ്തു.


ഡൽഹി ചാണക്യപുരി ശാന്തിപഥിലെ യു.കെ.മിഷന് പുറത്ത് സ്ഥാപിച്ചിരുന്ന ബാരിക്കേഡുകളും രാജാജി മാർഗിലെ ബ്രിട്ടീഷ് ഹൈക്കമ്മീഷണർ അലക്സ് എല്ലിസിന്റെ വസതിക്കു മുമ്പിലെ ബാരിക്കേഡുകളുമാണ് നീക്കം ചെയ്തത്. ഇവിടെയുള്ള സുരക്ഷാ ഉദ്യോഗസ്ഥരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ ഇതുവരെ ഔദ്യോഗിക അറിയിപ്പുകളൊന്നും പുറത്തു വന്നിട്ടില്ല. ലണ്ടനിൽ ഇന്ത്യൻ ഹൈക്കമ്മീഷന് നേരെയുണ്ടായ ഖലിസ്ഥാൻ പ്രതിഷേധത്തിലും അതിക്രമത്തിലും ഇന്ത്യ ബ്രിട്ടീഷ് അധികൃതർക്കു മുമ്പിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിയിരുന്നു. ഇന്ത്യൻ ഹൈക്കമ്മീഷന്റെ ബാൽക്കണിയിൽ വലിഞ്ഞു കയറിയ പ്രതിഷേധക്കാർ ദേശീയ പതാക താഴെയിറക്കാനുള്ള ശ്രമവും നടത്തിയിരുന്നു.

## ഏകീകൃത കുർബാന തർക്കം; സർക്കാർ മധ്യസ്ഥത വേണ്ട: സിറോ മലബാർ സഭ

കൊച്ചി: ഏകീകൃത കുർബാന സംബന്ധിച്ച തർക്കത്തിൽ സർക്കാർ മധ്യസ്ഥത വേണ്ടെന്ന് സിറോ മലബാർ സഭ. സഭയിലെ തർക്കങ്ങളിൽ സംസ്ഥാന സർക്കാരിനോ, ചീഫ് സെക്രട്ടറിക്കോ മധ്യസ്ഥത വഹിക്കേണ്ട നിയമപരമായ ചുമതലയില്ല. അതിനാൽ വിഷയത്തിൽ മധ്യസ്ഥത വഹിക്കണമെന്ന ഹർജി നിലനിൽക്കുന്നതല്ലെന്ന് സിറോ മലബാർ സഭ ഹൈക്കോടതിയിൽ വ്യക്തമാക്കി.

വിശ്വാസപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരം ഭരണഘടനപ്രകാരം സഭയ്ക്കുണ്ട്. ഏകീകൃത കുർബാന സിനഡ് ഏകകണ്ഠമായി തീരുമാനിച്ചതാണ്. എറണാകുളം അങ്കമാലി അതിരൂപതയിലെ ചില ഇടവകകൾ മാത്രമാണ് തീരുമാനം നടപ്പാക്കാത്തത്. ക്രമസമാധാനം നിലനിർത്തുന്നതിനുള്ള സർക്കാരിന്റെ നടപടികളോട് സഭയ്ക്ക് എതിർപ്പില്ലെന്നും സിറോ മലബാർ സഭ വ്യക്തമാക്കി.



മധ്യസ്ഥ ശ്രമത്തിന് സർക്കാരിനെയും ഹർജിയിലെ കക്ഷികളെയും കോടതി നിർബന്ധിക്കരുത്. ഇത് സംബന്ധിച്ച സത്യവാങ്മൂലം കർദിനാൾ മാർ ജോർജ് ആലഞ്ചേരി ഹൈക്കോടതിയിൽ സമർപ്പിച്ചു.

## 'ബിൽക്കിസ് ബാനു കേസ്; പ്രതികളെ വിട്ടയച്ചതിനെതിരേയുള്ള ഹർജി പരിഗണിക്കാൻ പ്രത്യേക ബെഞ്ച് രൂപീകരിക്കും'

ന്യൂഡൽഹി: 2002ൽ ഗുജറാത്തിലെ വർഗീയ ആക്രമണത്തിനിടെ കൂട്ട ബലാത്സംഗം ചെയ്യപ്പെട്ട ബിൽക്കിസ് ബാനു കേസിലെ പ്രതികളെ ജയിൽ മോചിതരാക്കിയതിനെതിരേ നൽകിയ ഹർജി പരിഗണിക്കാൻ പ്രത്യേക ബെഞ്ച് രൂപീകരിക്കുമെന്ന് സുപ്രീം കോടതി. ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡ്, പി.എസ് നരസിംഹ, ജെ.ബി പർദിവാല എന്നിവരടങ്ങിയ ബെഞ്ചാണ് രൂപീകരിക്കുക. വിഷയം അടിയന്തിരമായി കേൾക്കണമെന്നും വിഷയം നാല് തവണ പരിഗണിച്ചതാണെന്നും ഇതുവരെ പ്രാഥമിക വാദം കേട്ടിട്ടില്ലെന്നും ബാനുവിന്റെ അഭിഭാഷക ശോഭ ഗുപ്ത പറഞ്ഞു. 2022 ആഗസ്റ്റ് 16നാണ് ബിൽക്കിസ് ബാനു കൂട്ട ബലാത്സംഗക്കേസിൽ ജീവപര്യന്തം ശിക്ഷിക്കപ്പെട്ട 11 പ്രതികളെ ഗുജറാത്ത് സർക്കാർ വിട്ടയച്ചത്. പ്രതികളുടെ മോചനവുമായി ബന്ധപ്പെട്ട് ബിൽക്കിസ് ബാനു നൽകിയ പുനഃപരിശോധന ഹർജി സുപ്രീംകോടതി തള്ളിയിരുന്നു. ജസ്റ്റിസുമാരായ അജയ് രസ്തോഗി, വിക്രം നാഥ് എന്നിവരടങ്ങിയ ബെഞ്ചാണ് പുനഃപരിശോധനാ ഹർജി തള്ളിയത്. 15 വർഷം ജയിലിൽ കഴിഞ്ഞെന്നും നല്ലനടപ്പായിരുന്നുവെന്നും ചൂണ്ടിക്കാട്ടിയായിരുന്നു പ്രതികളുടെ മോചനം. 2002 മാർച്ച് മൂന്നിനാണ് ആറ് മാസം ഗർഭിണിയായിരുന്ന ബിൽക്കിസ് ബാനുവിനെ കൂട്ട ബലാത്സംഗത്തിന് ഇരയാക്കിയത്. ഗുജറാത്തിലെ ദഹോദ് ജില്ലയിലുണ്ടായ വർഗീയ ആക്രമണത്തിനിടെയായിരുന്നു അക്രമം. ഗർഭസ്ഥ ശിശുവും ബാനുവിന്റെ കുടുംബത്തിലെ മറ്റ് ആറുപേരും അക്രമികളാൽ കൊല്ലപ്പെട്ടു. 2008 ജനുവരി 21ന് മുംബൈ പ്രത്യേക കോടതി പ്രതികളെ ജീവപര്യന്തം തടവിന് ശിക്ഷിച്ചു. പിന്നീട് സുപ്രീം കോടതി ശിക്ഷ ശരിവെക്കുകയായിരുന്നു.

# കാഞ്ചീപുരത്ത് പടക്കശാലയിൽ സ്ഫോടനം; എട്ട് പേർ മരിച്ചു

ചെന്നൈ: തമിഴ്നാട് കാഞ്ചീപുരം കുരുവിമലയ്ക്ക് സമീപം പടക്കശാലയിലുണ്ടായ സ്ഫോടനത്തിൽ എട്ട് പേർ മരിച്ചു. പതിനഞ്ചിലേറെ പേർക്ക് പൊള്ളലേറ്റു. അഞ്ചുപേർ സംഭവസ്ഥലത്തു തന്നെ മരിച്ചതായാണ് വിവരം. മൂന്നു പേർ ചെങ്കൽപ്പെട്ടിലെ സർക്കാർ ആശുപത്രിയിൽ ചികിത്സയിലിരിക്കേയാണ് മരിച്ചത്. നിലവിൽ 24 പേർ ചികിത്സയിലുണ്ട്. ഇതിൽ പത്തുപേരുടെ നില അതീവ ഗുരുതരമാണ്. പടക്ക നിർമാണവുമായി ബന്ധപ്പെട്ട് നിരവധി സാമഗ്രികൾ ഗോഡൗണിലുണ്ടായിരുന്നു. എന്നാൽ ഇതിൽ നിന്ന് എങ്ങനെയാണ് തീ പടർന്നതെന്ന് വ്യക്തമല്ല. അഞ്ച് ഗോഡൗണുകളാണ് സ്ഥലത്തുണ്ടായിരുന്നത്. നാല് ഗോഡൗണുകൾക്ക് തീപിടിച്ചു. ചൂട് കനത്തതോടെ തമിഴ്നാട്ടിലെ പടക്കശാലകളിൽ അപകടങ്ങൾ പതിവാകുകയാണ്. നരേന്ദ്രകുമാർ എന്നയാളുടെ ഉടമസ്ഥതയിലുള്ള നാൽപ്പതിലേറെപ്പേർ ജോലി ചെയ്യുന്ന പടക്കശാലയിലാണ് സ്ഫോടനമുണ്ടായത്. തൊട്ടടുത്ത പടക്കശാലയിലേക്കും തീ പടർന്നു. സ്ഫോടനത്തിൽ നാല് കെട്ടിടങ്ങൾ പൂർണമായും തകർന്നു. മരിച്ചവരിൽ മൂന്ന്



കാഞ്ചീപുരത്ത് പടക്കശാലയിലുണ്ടായ സ്ഫോടനത്തിൽ പരുക്കേറ്റവരെ രക്ഷപ്പെടുത്തി കൊണ്ടുപോകുന്ന അഗ്നിരക്ഷാസേന

പേർ സ്ത്രീകളാണ്. പരുക്കേറ്റ പത്തോളം പേരുടെ നില ഗുരുതരമാണ്. കുടുങ്ങിക്കിടന്ന ഇരുപത് പേരെ അഗ്നിരക്ഷാസേന എത്തിയാണ് രക്ഷപ്പെടുത്തിയത്. പടക്കശാലയുമായി ബന്ധപ്പെട്ട ലൈസൻസ് കാലാവധി 2024 വരെയുണ്ടെന്നാണ് സൂചന. സുരക്ഷാ ക്രമീകരണങ്ങൾ പാലിച്ചാണോ ഗോഡൗൺ പ്രവർത്തിച്ചിരുന്നതെന്ന് പോലിസും അഗ്നിരക്ഷാസേനയും പരിശോധിക്കുന്നുണ്ട്. ജില്ലാ കലക്ടർ ആരതി, ഡി.ഐ.ജി പകലവൻ, ജില്ലാ പോലിസ് സൂപ്രണ്ട് സുധാകർ എന്നിവർ അപകടസ്ഥലത്തും ആശുപത്രികളിലുമെത്തി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

## കെ.പി.സി.സി പുനഃസംഘടനക്ക് ഏഴംഗ ഉപസമിതി രൂപീകരിച്ചു

തിരുവനന്തപുരം: കെ.പി.സി.സിയുടെ പുനഃസംഘടനയ്ക്കായി ഏഴംഗ ഉപസമിതി രൂപീകരിച്ചു. ഡി.സി.സി, ബ്ലോക്ക് പുനഃസംഘടന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനായാണ് സമിതിയെ രൂപീകരിച്ചത്. കൊടിക്കുന്നിൽ സുരേഷ് എം.പി, അഡ്വ. ടി. സിദ്ദിഖ് എം.എൽ.എ, കെ.സി ജോസഫ് (മുൻ എം.എൽഎ), എ.പി അനിൽ കുമാർ എം.എൽ.എ, ജോസഫ് വാഴക്കൻ (മുൻ എം.എൽഎ), അഡ്വ. കെ. ജയന്ത്, അഡ്വ.എം ലിജു എന്നിവരാണ് ഉപസമിതി അംഗങ്ങൾ. പുനഃസംഘടനാ സമിതി ജില്ലകളിൽ നിന്ന് കെ.പി.സി.സിക്ക് കൈമാറിയ ഡി.സി.സി ഭാരവാഹികളുടയേും ബ്ലോക്ക് പ്രസിഡന്റുമാരുടയേും ലിസ്റ്റിൽ നിന്നും അന്തിമ പട്ടിക രൂപീകരിക്കുകയാണ് ഉപസമിതിയുടെ ദൗത്യം.

ജില്ലാതല ഉപസമിതികൾ കെ.പി.സി.സിക്ക് സമർപ്പിച്ചിട്ടുള്ള പട്ടിക പരിശോധിച്ച് പത്ത് ദിവസത്തിനകം ജില്ലാ ബ്ലോക്ക് തല പുനഃസംഘടന പട്ടിക കെ.പി.സി.സിക്ക് കൈമാറാൻ ഉപസമിതിക്ക് കെ.പി.സി.സി പ്രസിഡന്റ് കെ. സുധാകരൻ നിർദേശം നൽകി. ഇതോടെ കെ.പി.സി.സി പുനഃസംഘടന അന്തിമഘട്ടത്തിലേക്ക് കടക്കുകയാണ്. എല്ലാ വിഭാഗങ്ങളെയും പരിഗണിച്ചും എല്ലാവരുമായും ചർച്ച നടത്തിയും പരാതിരഹിതവുമായിട്ടാണ് പുനഃസംഘടന പ്രക്രിയയുമായി കെ.പി.സി.സി മുന്നോട്ട് പോയതെന്നും സംഘടനാ ചുമതലയുള്ള ജനറൽ സെക്രട്ടറി ടി.യു രാധാകൃഷ്ണൻ പറഞ്ഞു.



കയ്യൂർ-ചീമേനി പഞ്ചായത്തിലെ കർഷകർക്കായി സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ നിന്ന്

# ബോധവൽക്കരണ സെമിനാർ നടത്തി

തിരുവനന്തപുരം: ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മൂലം കാർഷിക രംഗത്തുണ്ടാവുന്ന വ്യതിയാനങ്ങളെ കുറിച്ചും കാർബൺ ന്യൂട്രൽ ഫാമിംഗിന്റെ പ്രസക്തിയും പ്രകൃതി സൗഹൃദ കൃഷിയുടെ ആവശ്യകതയും സംബന്ധിച്ച് കയ്യൂർ-ചീമേനി പഞ്ചായത്തിലെ കർഷകർക്ക് ബോധവൽക്കരണ സെമിനാർ നടത്തി. കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പഞ്ചായത്ത് സി.ഡി.എസ് ഹാളിൽവച്ച് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അജിത്ത്കുമാർ എ.ജിയുടെ അധ്യക്ഷതയിൽ ചേർന്ന ബോധവൽക്കരണ ക്ലാസ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.പി വത്സലൻ ഉദ്ഘാടനം ചെയ്തു. പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്ര മേധാവി ഡോ.വനജ .ടി കാർബൺ ന്യൂട്രൽ ഫാമിംഗിന്റെ പ്രസക്തിയും പ്രകൃതി സൗഹൃദ കൃഷിയുടെ ആവശ്യകതയും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് കൈകാര്യം ചെയ്തു. വിവിധ കൃഷി പ്രവൃത്തികളിലും മറ്റ് ഉപാധികളിലുമായി പുറന്തള്ളുന്ന അതേ അളവിൽ മണ്ണിൽ കാർബൺ ആഗിരണം ചെയ്യുമ്പോഴാണ് കാർബൺ ന്യൂട്രൽ കൃഷി എന്ന് പറയാവുന്നത്. അസിസ്റ്റന്റ് കൃഷി ഓഫിസർ പ്രകാശൻ പരിപാടിക്ക് ആശംസകൾ നേർന്നു. കൃഷി ഓഫിസർ രേഷ്മ കെ.പി സ്വാഗതവും അസിസ്റ്റന്റ് പ്രൊഫസർ ക്രിസ് ജോസഫ് നന്ദിയും പറഞ്ഞു.

# 2023 അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ഉച്ചകോടി കോഴിക്കോട് ആസ്റ്റർ മിംസിൽ സമാപിച്ചു

കോഴിക്കോട്: കോഴിക്കോട് ആസ്റ്റർ മിംസിന്റെ സഹകരണത്തോടെ 19 മുതൽ 21 വരെ കെ.പി.എം ട്രിപ്പന്റയിലും ആസ്റ്റർ മിംസിലുമായി നടന്ന 'അമേരിക്കൻ ഹാർട്ട് അസോസിയേഷൻ (എ.എച്ച്.എ) സമ്മേളനം സമാപിച്ചു. ഇന്ത്യയിൽനിന്നും വിദേശത്തുനിന്നുമായി നിരവധി ആരോഗ്യ വിദഗ്ധരുടെ നേതൃത്വത്തിൽ സംവാദങ്ങളും ചർച്ചകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചു. ത്രിദിന സമ്മേളനം കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് (കെ.യു.എച്ച്.എസ്) വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്തു.ആരോഗ്യമേഖലയിലെ വിദഗ്ധരുടെ കീഴിൽ കൈവരിച്ച ശാസ്ത്ര മുന്നേറ്റങ്ങളും ഈ മേഖലയിലെ മികച്ച പ്രവർത്തനങ്ങളും ത്രിദിന സമ്മേളനം ചർച്ച ചെയ്തു. ഇതിലൂടെ സംവേദനാത്മക സെഷനുകളിലൂടെ പഠിക്കാനും പ്രായോഗിക കഴിവുകൾ വികസിപ്പിക്കാനും വർക്ക്ഷോപ്പുകളിൽ ഏർപ്പെടാനും പങ്കെടുത്തവർക്ക് അവസരം ലഭിച്ചു. കൂടാതെ,



അമേരിക്കൻ ഹാർട്ട് അസോസിയേഷൻ (എ.എച്ച്.എ) ത്രിദിന സമ്മേളനം കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് (കെ.യു.എച്ച്.എസ്) വൈസ് ചാൻസലർ ഡോ. മോഹനൻ കുന്നുമ്മൽ ഉദ്ഘാടനം ചെയ്യുന്നു

ഇറ്റലി, അമേരിക്ക, ഇന്ത്യ, നേപ്പാൾ എന്നിവിടങ്ങളിൽ നിന്നുള്ള ട്രെയ്നർമാരുടെ നേതൃത്വത്തിൽ ഇന്ന്മുതൽ 24 വരെ ആസ്റ്റർ മിംസ് കാലിക്കറ്റിൽ എ.എച്ച്.എയ്ക്ക് ഒരു പരിശീലന കേന്ദ്ര ഫാക്കൽറ്റി കോഴ്സ് സംഘടിപ്പിക്കും. ഹൃദയാരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിനും ലോകമെമ്പാടുമുള്ള ഹൃദ്രോഗത്തിന്റയും പക്ഷാഘാതത്തിന്റയും ആഘാതം കുറയ്ക്കുവാനും ലക്ഷ്യമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് അമേരിക്കൻ ഹാർട്ട് അസോസിയേഷൻ. ഡോക്ടർമാർ, നഴ്സുമാർ, എമർജൻസി മെഡിക്കൽ ടെക്നീഷ്യൻമാർ, പാരാമെഡിക്കുകൾ ഉൾപ്പെടെ 450ലധികം ആരോഗ്യവിദഗ്ധരും പരിശീലകരും സമ്മേളനത്തിൽ പങ്കെടുത്തു. 'എ.എച്ച്.എ' 2023 ഉച്ചകോടിയുടെ വിജയത്തിൽ തങ്ങൾ ഏറെ സന്തുഷ്ടരാണ്. ആരോഗ്യസംരക്ഷണ വിദഗ്ധർക്കും ഇൻസ്ട്രക്ടർമാർക്കും ഒത്തുചേരാനും പഠിക്കാനുമുള്ള മികച്ച അവസരമായിരുന്നു ഈ സമ്മേളനം. ആസ്റ്റർ മിംസുമായുള്ള സഹകരണത്തിൽ തങ്ങൾക്ക് നന്ദിയുണ്ടെന്നും അമേരിക്കൻ ഹാർട്ട് അസോസിയേഷൻ ഇന്ത്യ, ബംഗ്ലാദേശ്, ശ്രീലങ്ക, നേപ്പാൾ റീജിയണൽ ഡയറക്ടർ സച്ചിൻ മേനോൻ പറഞ്ഞു. 'ആരോഗ്യമേഖലയിലെ വിദഗ്ധർക്കും വിവിധ പരിശീലകർക്കും ഒത്തുചേരാനും പരസ്പരം പഠിക്കാനും ഇത്തരമൊരു വേദിയൊരുക്കുവാൻ സാധിച്ചതിൽ തങ്ങൾക്ക് സന്തോഷമുണ്ട്. ഭാവിയിൽ ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിൽ അമേരിക്കൻ ഹാർട്ട് അസോസിയേഷനുമായുള്ള തങ്ങളുടെ പങ്കാളിത്തം തുടരാൻ ആഗ്രഹിക്കുന്നുവെന്നും. ആസ്റ്റർ ഗ്രൂപ്പ് ഇന്ത്യയിലെ എമർജൻസി മെഡിസിൻ ഡയറക്ടർ ഡോ. വേണുഗോപാൽ പി.പി പറഞ്ഞു.

# നാദാപുരത്ത് കുടുംബശ്രീ 100% ബാങ്ക് ലിംഗേജിലേക്ക്

നാദാപുരം: ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 431 കുടുംബശ്രീ യൂണിറ്റുകളിൽ നിലവിൽ 360 എണ്ണം ബാങ്കുമായി ലിങ്ക് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 71 അയൽക്കൂട്ടങ്ങളെ ബാങ്കുമായി ലിങ്ക് ചെയ്യുവാൻ കുടുംബശ്രീ വിലയിരുത്തൽ സമിതി യോഗം തീരുമാനിച്ചു. കുടുംബശ്രീ വനിതകൾക്ക് വേണ്ടി 100 നാനോ ടൈലറിംഗ് യൂണിറ്റ് ആരംഭിക്കുവാനും പഞ്ചായത്തിലെ വിവിധ സംരംഭകർ ഉൽപ്പാദിപ്പിക്കുന്നതും വിപണനം ലഭ്യമല്ലാത്തതുമായ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് കണ്ടെത്തുന്നതിന് കമ്മ്യൂണിറ്റി സെല്ലർ ഗ്രൂപ്പ് ഉണ്ടാക്കി 'നാടൻ 'എന്ന ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിപണനം നടത്തുവാനും ഇതിനായി കൃഷി വിജ്ഞാനകേന്ദ്രത്തിൽ സ്ത്രീകൾക്ക് പരിശീലനം ലഭ്യമാക്കുവാനും തീരുമാനിച്ചു. കൂടാതെ ഇളനീർപ്പന്തൽ ആരംഭിക്കുന്നതിന് തെങ്ങുകൾ പാട്ടത്തിനെടുക്കുന്ന പദ്ധതി ആരംഭിക്കുവാനും വിലയിരുത്തൽ സമിതി യോഗം തീരുമാനിച്ചു. പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി അധ്യക്ഷത വഹിച്ചു. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺ പി.പി റീജ റിപ്പോർട്ട് അവതരിപ്പിച്ചു.



കുടുംബശ്രീ വിലയിരുത്തൽ സമിതി യോഗത്തിൽ സംസാരിക്കുന്ന പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി

ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ജനിത ഫിർദൗസ് , പഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽഹമീദ്, മെമ്പർമാരായ ടി.റീന, ആയിഷ ഗഫൂർ, സുമയ്യ പാട്ടത്തിൽ, അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ, അക്കൗണ്ടന്റ് കെ.സിനിഷ എന്നിവർ സംസാരിച്ചു.

# സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം കേരളത്തിന് അപമാനം: അനു ചാക്കോ

കൊച്ചി: സംസ്ഥാനത്ത് സ്ത്രീകൾക്കെതിരേയുള്ള ലൈംഗികാതിക്രമണം വർധിച്ചുവരുന്നത് സാക്ഷരത കേരളത്തിന് അപമാനമാണെന്ന് രാഷ്ട്രീയ ജനതാദൾ സംസ്ഥാന പ്രസിഡന്റ് അനു ചാക്കോ പറഞ്ഞു. വഞ്ചിയൂരിൽ നടുറോഡിൽ സ്ത്രീക്കുനേരിടേണ്ടിവന്ന ആക്രമണം പരാതിപ്പെട്ടിട്ടു പോലും പോലിസിന്റെ ഭാഗത്തുനിന്നുള്ള നിസ്സംഗത വലിയ ഗൗരവമുള്ളതാണ്. രാത്രികാലങ്ങളിൽ അത്യാവശ്യ കാര്യത്തിന് പോലും സ്ത്രീകൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത രൂപത്തിലേക്ക് കേരളത്തിന്റെ ക്രമസമാധാന നില തകർന്നിരിക്കുന്നു എന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് കഴിഞ്ഞ ദിവസം വഞ്ചിയൂർ മൂലവിളാകം ജംഗ്ഷനിൽ നടന്ന സംഭവം.

മരുന്നു വാങ്ങാൻ വേണ്ടി പുറത്തിറങ്ങിയ സ്ത്രീയെ പിന്തുടർന്നുകൊണ്ട് ആക്രമിക്കുകയും സ്ത്രീയുടെ ഇടത് കണ്ണിനും കവിളിലും പരുക്കേൽക്കുന്ന സ്ഥിതി വിശേഷം ഉണ്ടായിട്ടും വേണ്ട രൂപത്തിലുള്ള ഇടപെടൽ നടത്താനോ ആക്രമണത്തിന് ഇരയായ സ്ത്രീയുമായി സംസാരിക്കാനോ, കേസെടുക്കാനോ പോലിസിന് അധികാരികൾ മുതിർന്നിട്ടില്ല. ഇത് പോലിസിന്റെ അനാസ്ഥയാണെന്നും ഇത്തരം അധികാരികളുടെ നിസ്സംഗതക്കെതിരേ രാഷ്ട്രീയ ജനതാദൾ ശക്തമായ സമരങ്ങൾക്ക് നേതൃത്വം നൽകുമെന്നും അവർ കൂട്ടിച്ചേർത്തു.

# കുപ്പത്തെ ബസ് അപകടം; ഡ്രൈവർക്ക് അഞ്ച് വർഷം തടവ്

തലശ്ശേരി:തളിപ്പറമ്പ് കുപ്പത്തെ ബസ് കാത്തിരിപ്പ് കേന്ദ്രത്തിലേക്ക് അമിത വേഗതയിൽ വന്ന ബസ് ഇടിച്ച് രണ്ട് വിദ്യാർഥികൾ ഉൾപ്പെടെ നാല് പേർ മരിക്കാനിടയായ കേസിൽ പി.എൻ.ആർ ഡ്രൈവർ ഉദിനൂരിലെ പറമ്പത്ത് വീട്ടിൽ രാഹുൽ പി.(38) നെ അഞ്ച് വർഷം തടവിന് ശിക്ഷിച്ചു. ഒന്നാം അഡീഷണൽ ജില്ലാ ജഡ്ജ് എ.വി മൃദുലയാണ് ശിക്ഷ വിധിച്ചത്. 2010 സെപ്റ്റംബർ ഒന്നിന് രാവിലെയാണ് അപകടം നടന്നത്. പയ്യന്നൂർ ഭാഗത്ത് നിന്നും വന്ന ബസാണ് അപകടത്തിൽപ്പെട്ടത്. ബസ്സ്റ്റോപ്പിൽ ബസസ്സ് കാത്ത് നിൽക്കുകയായിരുന്ന തളിപറമ്പ് സീതി സാഹിബ് മെമ്മോറിയൽ സ്കൂളിലെ വിദ്യാർഥികളായ ടി.കെ.കുഞ്ഞാമിന(15), കെ.എം കദീജ (15), റിസ്വാന, എ.സി.ഖാദർ (52) എന്നിവർ ഉൾപ്പെടെ നാല് പേർ മരണപ്പെടുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തു. കുപ്പത്തെ പുതിയ പുരയിൽ മുഹമ്മദ് ഷെരീഫിന്റെ പരാതിയിലാണ് പോലിസ് പ്രഥമ വിവരം രേഖപ്പെടുത്തിയത്. സംഭവം നേരിൽ കണ്ട സീതി സാഹിബ് മെമ്മോറിയലിലെ അധ്യാപകൻ കെ.അബ്ദുള്ള, പരുക്കേറ്റ റിസ്വാന വിദ്യാർഥികളായ ഷർഹാന, ടി.കെ ജംഷീറ, പോലിസ് ഓഫീസർമാരായ ടി.മധുസൂദനൻ , ഡി.പ്രമോദ്, പി.ജെ.ജോയ്, പി.ചന്ദ്രശേഖരൻ, രാധാകൃഷ്ണൻ ,കെ.ഗോപാലകൃഷ്ണൻ, ഡോക്ടർമാരായ ലതിക ദേവി, ആർ.കെ.റമിത്ത്, ശ്രീധരൻ ഷെട്ടി, രാഗേഷ് , ആർ.ടി.ഒ ഒ.കെ.അനിൽകുമാർ തുടങ്ങിയവരാണ് പ്രോസിക്യൂഷൻ സാക്ഷികൾ. പ്രോസിക്യൂഷന് വേണ്ടി അഡീഷണൽ ഡിസ്ട്രിക്ട് ഗവ. പ്ലീഡർ അഡ്വ.സി.കെ രാമചന്ദ്രനാണ് ഹാജരായത്.

# തലശ്ശേരി നഗരസഭാ ബജറ്റ്; മാതൃകാ ബജറ്റെന്ന് ഭരണപക്ഷം, ഫോട്ടോസ്റ്റാറ്റെന്ന് പ്രതിപക്ഷം

തലശ്ശേരി: നഗരസഭയുടെ ബജറ്റ് ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രിത ബജറ്റാണെന്ന് ഭരണകക്ഷിയും വാഗ്ദാനങ്ങൾക്കുമപ്പുറം പ്രതീക്ഷയേതുമില്ലാത്തതാണെന്ന് പ്രതിപക്ഷവും.മാലിന്യപ്രശ്നത്തിനും, കുടിവെള്ള പ്രശ്നത്തിനും പരിഹാരം, വിദ്യാഭ്യാസ കാർഷികമേഖലയിലെ പുരോഗതി ഇതെല്ലാം നഗരസഭയുടെ ആത്മബോധത്തോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമാണെന്ന് സി.പി.എം കൗൺസിലർ സി. ഗോപാലൻ വ്യക്തമാക്കി.52 വാർഡുകളിലും കുടിവെള്ള ക്ഷാമത്തിനുള്ള പരിഹാരം കണ്ടെത്തി. ലഹരിക്കെതിരേയുള്ള ഫലപ്രദമായ ബോധവൽക്കരണം ഊർജിതമായി നഗരസഭയുടെ നേതൃത്വത്തിൽ നടന്ന് വരികയാണ്. പല നിർമാണ പ്രവർത്തനങ്ങളും മന്ദീഭവിക്കാൻ കാരണം കാലവർഷക്കെടുതിയാണെന്ന് അദ്ദേഹം പറഞ്ഞു. യാഥാർഥ്യബോധത്തോടെയുള്ള ബജറ്റല്ല ഇതെന്ന് യു.ഡി.എഫ് കൗൺസിലർ ഫൈസൽ പുനത്തിൽ പറഞ്ഞു.ഒരു ഫോട്ടോസ്റ്റാറ്റ് ബജറ്റായി മാത്രമായിട്ടേ ബജറ്റിനെ കാണാൻ കഴിയുള്ളുവെന്ന് ബി.ജെ.പി കൗൺസിലർ കെ.അജേഷ് കുറ്റപ്പെടുത്തി. തുടങ്ങിവച്ച വികസന പദ്ധതികളൊന്നും പൂർത്തീകരിക്കാൻ കഴിയാതെ, വാഗ്ദാനം മാത്രമേ ബജറ്റിൽ കാണാനുള്ളൂവെന്ന് യു.ഡി.എഫ് കൗൺസിലർ ടി.വി റാഷിദ കുറ്റപ്പെടുത്തി. ടൗൺ ഹാൾ നവീകരണത്തിനായി ബജറ്റിൽ ഒരു പരാമർശം പോലും നടത്തിയിട്ടില്ലെന്നും റാഷിദ പറഞ്ഞു.



മാതൃകാ ബജറ്റാണ് നഗരസഭയുടേതെന്ന് സി.പി.എം കൗൺസിലർ തബസു പറഞ്ഞു. തലശ്ശേരിയുടെ സമഗ്ര വികസനത്തിനുള്ള ബജറ്റാണെന്ന് ചെയർപേഴ്സൺ കെ.എം ജമുന റാണി ഉദാഹരണങ്ങൾ നിരത്തി വ്യക്തമാക്കി. ദീർഘ വീക്ഷണത്തോടെയുള്ള ബജറ്റാണെന്ന് വൈസ് ചെയർമാൻ വാഴയിൽ ശശിയും ചൂണ്ടിക്കാട്ടി. പ്രതിപക്ഷത്തിന്റെ ആരോപണം തികച്ചും ബാലിശമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. അഡ്വ.കെ.എം ശ്രീശൻ, കെ.ഭാർഗ്ഗവൻ, സി.സോമൻ, സി.ഒ.ടി ഷബീർ, ടി.ഗീത, എൻ. മോഹനൻ എന്നിവരും വിഷയത്തിൽ പ്രതികരിച്ചു.



വിസ്ഡം യൂത്ത് ജില്ലാ നേതൃസംഗമത്തിൽ നിന്ന്

## സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം; നിയമ നടപടികൾ കർശനമാക്കണം: വിസ്ഡം യൂത്ത്

കോഴിക്കോട്: സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ വർധിച്ചുവരുന്നതിനെ തടയിടാൻ നിയമ നടപടികൾ കർശനമാക്കണമെന്ന് വിസ്ഡം യൂത്ത് സംഘടിപ്പിച്ച ജില്ലാ നേതൃസംഗമം അഭിപ്രായപ്പെട്ടു. ലഹരിക്കും ലൈംഗികാസക്തിക്കും അടിമപ്പെട്ട ആളുകളുടെ അക്രമങ്ങൾ നാടിനു ഭീഷണിയായി തുടരുകയാണ്. കഴിഞ്ഞ ദിവസങ്ങളിൽ തലസ്ഥാന നഗരിയിൽ നടന്ന രണ്ടു വ്യത്യസ്ത സംഭവങ്ങളെ ഗൗരവപൂർവ്വം നോക്കി കാണണമെന്നും വിസ്ഡം യൂത്ത് ആവശ്യപ്പെട്ടു. യുവാക്കളുടെ കർമശേഷി നന്മയുടെ മാർഗത്തിൽ തിരിച്ചുവിടുന്നതിനും അധാർമിക പ്രവർത്തനങ്ങളിൽ നിന്നും തടയുന്നതിനും യുവാക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനുമായി വിസ്ഡം യൂത്ത് ജില്ലാ സമിതിയുടെ നേതൃത്വത്തിൽ 'യുവപഥം' എന്ന പേരിൽ മണ്ഡലം യുവജന സംഗമങ്ങൾ സംഘടിപ്പിക്കും. ഇതിന് മുന്നോടിയായി 26ന് കോഴിക്കോട്വച്ച് നടക്കുന്ന ജില്ലാ 'തർബിയ' സംഗമം വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് താജുദ്ദീൻ സ്വലാഹി ഉദ്ഘാടനം ചെയ്യും. ജില്ലാ നേതൃസംഗമം വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ ജില്ലാ ജോയിന്റ് സെക്രട്ടറി അഷ്റഫ് കല്ലായി ഉദ്ഘാടനം നിർവഹിച്ചു. വിസ്ഡം യൂത്ത് ജില്ലാ പ്രസിഡന്റ് അമീർ അത്തോളി അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി എ.എം ജംഷീർ, ഭാരവാഹികളായ അസ്ഹർ ഫറൂഖ്, റഷീദ് പാലത്ത്, ഹനാൻ ബാസിത് എന്നിവർ സംസാരിച്ചു.

## പണ്ഡിതന്മാരുടെ ദുഷ്ടലാക്കിനെ തിരിച്ചറിയണം: മർകസുദ്ദഅ്വ

കോഴിക്കോട്: കർഷകരുടെ മറപിടിച്ച് കേരളത്തിന്റെ മതേതര പാരമ്പര്യം തകർത്ത് സംഘ്പരിവാറിന് പണയപ്പെടുത്താനുള്ള ചില പണ്ഡിതന്മാരുടെ ദുഷ്ടലാക്കിനെ ഗൗരവതരമായി കാണണമെന്ന് കെ.എൻ.എം. മർകസുദ്ദഅ്വ സംസ്ഥാന സെക്രട്ടേറിയേറ്റ് ആവശ്യപ്പെട്ടു. സംഘ് പരിവാർ ആലയത്തിലേക്ക് വിശ്വാസികളെ വഴിതെളിക്കുന്ന പണ്ഡിതന്മാരാരെ നിലക്ക് നിർത്താൻ സഭാനേതൃത്വം തയ്യാറാവണം.

കേരളത്തെ സാമുദായിക കലാപത്തിന്റെ ശവപ്പറമ്പാക്കി മാറ്റാതിരിക്കാൻ രാഷ്ട്രീയ നേതൃത്വങ്ങൾ മൗനം വെടിഞ്ഞ് വിദ്വേഷ പ്രചാരകർക്കെതിരേ ശക്തമായി രംഗത്ത് വരണമെന്നും കെ.എൻ.എം മർകസുദ്ദഅ്വ ആഹ്വാനം ചെയ്തു. പ്രസിഡന്റ് ഇ.കെ. അഹമ്മദ്കുട്ടി അധ്യക്ഷത വഹിച്ചു. ജന.സെക്രട്ടറി സി.പി. ഉമർ സുല്ലമി ഉദ്ഘാടനം ചെയ്തു. എം. അഹമ്മദ്കുട്ടി മദനി, സി.മമ്മു കോട്ടക്കൽ, പ്രൊഫ. ഷംസുദ്ധീൻ പാലക്കോട് പ്രസംഗിച്ചു.

## ജാമിഅ മദീനതുന്നൂർ വിവിധ കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു

പൂനൂർ: ജാമിഅ മദീനതുന്നൂർ വിവിധ കോഴ്സുകളിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. എസ്.എസ്.എൽ.സി കഴിഞ്ഞ വിദ്യാർഥികൾക്ക് ഫൗണ്ടേഷൻ ഇൻ ഹ്യൂമൻ സയൻസ്, ഫൗണ്ടേഷൻ ഇൻ പ്യുവർ സയൻസ് കോഴ്സുകളിലേക്കും എഴാം ക്ലാസ് പൂർത്തിയായവർക്ക് ഫൗണ്ടേഷൻ ഇൻ പ്യുവർ സയൻസിലേക്കും ഇപ്പോൾ അപേക്ഷിക്കാം. കേരള സർക്കാർ പ്ലസ് വൺ സയൻസ്, കൊമേഴ്സ്, ഹ്യുമാനിറ്റീസ് സ്ട്രീമുകളോടൊപ്പം ഹാഫിളുകൾക്ക് ദൗറ ചെയ്യാനുള്ള അവസരമുണ്ടായിരിക്കും. പൂർണമായും ഇംഗ്ലീഷ് മീഡിയം, അറബിക് മീഡിയങ്ങളിലായി പ്രത്യേക കാമ്പസുകളും കൊമേഴ്സിൽ മാത്സ് സ്പെഷ്യലൈസേഷനും ലഭ്യമാണ്.ഫൗണ്ടേഷൻ കോഴ്സിന് ശേഷം ബാച്ലർ (ഹോണേഴ്സ്) ഇൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ സ്റ്റഡീസ്, ബാച്ലർ (ഹോണേഴ്സ്) ഇൻ ഇസ്ലാമിക് ഫൈനാൻസ് ആന്റ് മാനേജ്മെന്റ് സ്റ്റഡീസ്, ബാച്ലർ (ഹോണേഴ്സ്) ഇൻ ഖുർആനിക് സ്റ്റഡീസ്, ബാച്ലർ (ഹോണേഴ്സ്) ഇൻ ഹിസ്റ്ററി ആന്റ് ഇസ്ലാമിക് സിവിലൈസേഷൻ, ബാച്ലർ ഇൻ മോഡേൺ ലോ, ബാച്ലർ ഓഫ് എജ്യൂക്കേഷൻ ആന്റ് റിവീൽഡ് നോളജ് തുടങ്ങിയ വ്യത്യസ്ത കോഴ്സുകൾ അഭിരുചിയനുസരിച്ച് തിരഞ്ഞെടുക്കാം. താൽപര്യമുള്ളവർക്ക് ഇസ്ലാമിക് ശരീഅയിൽ സ്പെഷ്യലൈസ് ചെയ്യാനുള്ള മദീനതുന്നൂർ ഹിക്മ, ഹയർ എജ്യു എൻഡ്രൻസ്, മർകസ് ഗാർഡൻ സിവിൽ സർവീസ് അക്കാദമി, CAT അക്കാദമി, റൈറ്റിങ് സെന്റർ തുടങ്ങിയവയിൽ പ്രത്യേക കോച്ചിംഗുകളും ഉണ്ടായിരിക്കും.

ഫൗണ്ടേഷൻ ബാച്ചുകളിലേക്കുള്ള പ്രവേശന പരീക്ഷ മെയ് നാലിന് വിവിധ സെന്ററുകളിലും എട്ടാം ക്ലാസ് സയൻസ് അക്കാദമിയിലേക്കുള്ള പ്രവേശന പരീക്ഷ ഏപ്രിൽ എട്ടിന് മർകസ് ഗാർഡനിലും നടക്കുമെന്ന് ഡയരക്ടറേറ്റ് ഓഫ് അഡ്മിഷൻ അറിയിച്ചു. കോഴ്സുകളുടെ വിശദ വിവരങ്ങൾ അറിയാനും ഉന്നത വിദ്യാഭ്യാസ സാധ്യതകൾ പരിചയപ്പെടുത്തുന്നതിനും മർകസ് ഗാർഡനിൽ അക്കാദമിക് ബ്രിഡ്ജ് കോഴ്സും വിവിധ കേന്ദ്രങ്ങളിൽ വിൻ-വിൻ ഓറിയന്റേഷൻ പ്രോഗ്രാമും സംഘടിപ്പിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷകൾ സമർപ്പിക്കാനും www.jamiamadeena-thunnoor.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 9633344436, 8907747201, 88911 08943, 8111860098 എന്നീ നമ്പറുകളിൽ ബന്ധപ്പെടുകയോ ചെയ്യാം.




മഠത്തുംഭാഗം എൽ.പി സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ നാടകം 'കളിവീട് ' മഠത്തും ഭാഗം ഗ്രാൻമ തിയേറ്ററിൽ അവതരിപ്പിച്ചപ്പോൾ

# 'കളിയിലൂടെ കാര്യം പറഞ്ഞ് കളിവീട്'

തലശ്ശേരി: മഠത്തുംഭാഗം എൽ.പി സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കുട്ടികളുടെ നാടകം 'കളിവീട് ' മഠത്തും ഭാഗം ഗ്രാൻമ തിയേറ്ററിൽ അവതരിപ്പിച്ചു. കുട്ടികളെ അുമോദിക്കുന്ന ചടങ്ങിൽ നാടക പ്രവർത്തകനായ വി.കെ കുഞ്ഞികൃഷ്ണൻ മാസ്റ്റർ പങ്കെടുത്തു. കുട്ടികളും രക്ഷിതാക്കളുമായി അദ്ദേഹം സംവദിച്ചു. എ.വി രത്നകുമാർ, എ.വി രാജൻ, ജി.പി സബിത, രജു മാങ്ങാട്ടിടം, പയ്യമ്പള്ളി രമേശൻ, പി.പ്രകാശൻ സംസാരിച്ചു. വീട്ടുമുറ്റ തിയേറ്ററായ ഗ്രാൻമയിൽ ഈ വർഷം നടക്കുന്ന 33ാമത്തെ പരിപാടിയാണിത്. അഞ്ചു വർഷത്തിനിടെ 288 ഓളം വ്യത്യസ്തമാർന്ന പരിപാടികൾക്ക് ഗ്രാൻമ തിയേറ്റർ വേദിയായിട്ടുണ്ട്. വീട് ഒരു പാഠശാല എന്ന ആശയവുമായി എ.വി രത്നകുമാർ തന്റെ വീട്ടുമുറ്റത്തൊരുക്കിയ ഗ്രാൻമ തിയേറ്റർ വ്യത്യസ്തതയാർന്ന പരിപാടികളുമായി ശ്രദ്ധേയമാവുകയാണ്.



നാദാപുരത്ത് എസ്.സി കുട്ടികൾക്കുള്ള ഫർണിച്ചറുകളുടെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി നിർവഹിച്ചു

## പഠനാവശ്യാർഥം ഫർണിച്ചർ വിതരണം ചെയ്തു

നാദാപുരം: ജനകീയാസൂത്രണം 2022-23 വർഷത്തിൽ ഉൾപ്പെടുത്തി നാദാപുരത്ത് 17 എസ്.സി കുട്ടികൾക്ക് ഒരു മേശയും കസേരയും സൗജന്യമായി വിതരണം ചെയ്തു. സർക്കാർ അംഗീകൃത സ്ഥാപനമായ ആർട്കോയിൽ നിന്നും 83,300 രൂപ ചെലവഴിച്ചാണ് ഗ്രാമസഭ തെരഞ്ഞെടുത്ത കുടുംബങ്ങളിലെ കുട്ടികൾക്ക് പഞ്ചായത്ത് ഫർണിച്ചർ വാങ്ങി നൽകിയത്. ഫർണിച്ചറുകളുടെ വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി നിർവഹിച്ചു.

വൈസ് പ്രസിഡന്റ് അഖിലമര്യാട്ട് അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ ജനിത ഫിർദൗസ്, ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി.ഷാഹുൽ ഹമീദ് മെമ്പർമാരായ, പി.പി ബാലകൃഷ്ണൻ , വാസു പുതിയ പ്യപറമ്പത്ത്, ആയിഷ ഗഫൂർ, സുമയ്യ പാട്ടത്തിൽ, നിർവഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് സെക്രട്ടറി ടി.പ്രേമാനന്ദൻ, എസ്.സി കോ-ഓർഡിനേറ്റർ പി.എം അഖിലാദാസ് എന്നിവർ സംസാരിച്ചു.

## നാദാപുരം റോഡിൽ തണ്ണീർപ്പന്തലൊരുക്കി യു.എൽ.സി.സി.എസ്

നാദാപുരം: വേനൽച്ചൂടിൽ തളർന്നെത്തുന്ന മനുഷ്യർക്ക് ദാഹജലം നൽകാൻ 'തണ്ണീർപ്പന്തൽ' ഒരുക്കി ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി. വടകര-നാദാപുരം റോഡിൽ സൊസൈറ്റിയുടെ ആസ്ഥാനത്തിന് മുൻപിലാണ് ഇഷ്ടാനുസരണം സംഭാരം, നാരങ്ങ വെള്ളം, തണ്ണീർമത്തൻ വെള്ളം ഉൾപ്പെടെ കിട്ടുന്ന തണ്ണീർപ്പന്തൽ ഒരുക്കിയത്. വേനൽച്ചൂടു കുറയുന്നതു വരെ ദിവസവും പകൽ 11 മുതൽ വൈകീട്ട് മൂന്നുമണി വരെ ഇതു പ്രവർത്തിക്കും. ഉഷ്ണതരംഗം, സൂര്യാഘാതം എന്നിവയുടെ സാധ്യത മുൻനിർത്തി സംസ്ഥാനത്തുടനീളം തണ്ണീർപ്പന്തലുകൾ ആരംഭിക്കണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം സഹകരണസ്ഥാപനങ്ങളും ഏറ്റെടുക്കണമെന്ന സഹകരണമന്ത്രി വി.എൻ വാസവന്റെ നിർദേശത്തിന്റെകൂടി പശ്ചാത്തലത്തിലാണിത്. ട്രാഫിക്ക് വാർഡൻ ഡ്യൂട്ടി ചെയ്യുന്ന ചോമ്പാല പോലിസ് സ്റ്റേഷനിൽനിന്നുള്ള പവിത്രന് ദാഹജലം നൽകി സംഘത്തിന്റെ ജനറൽ മാനേജർ (അഡ്മിൻ) കെ. പി. ഷാബു തണ്ണീർപ്പന്തൽ ഉദ്ഘാടനം ചെയ്തു. ജനറൽ മാനേജർ (ഫിനാൻസ്) കെ. പ്രവീൺ കുമാർ, പ്രൊജക്ട് മാനേജർ ജോഷി കുമാർ, ലീഗൽ ഓഫിസർ കെ. ഉണ്ണിക്കൃഷ്ണൻ, സെക്യൂരിറ്റി ഓഫിസർ കെ. പ്രദീപ് കുമാർ, എച്ച്.ആർ മാനേജർ കെ. ഷീജിത്ത് ചന്ദ്രൻ, ഒ.ബി അഭിലാഷ്, ലെയ്സൺ ഓഫിസർ കെ. അജിത്ത് കുമാർ, രമ്യ ഇല്ലത്ത്, നിഖിൽ രാജ്, പ്രദീപൻ മുതിരയിൽ, കെ.പി ഷിജിൻ, പേരാൾ ആന്റണി എന്നിവർ പങ്കെടുത്തു.




നാദാപുരം റോഡിൽ യു.എൽ.സി.സി.എസ് ഒരുക്കിയ തണ്ണീർപ്പന്തലിന്റെ ഉദ്ഘാടനം ട്രാഫിക്ക് വാർഡൻ ഡ്യൂട്ടി ചെയ്യുന്ന ചോമ്പാല പോലിസ് സ്റ്റേഷനിലെ പവിത്രന് ദാഹജലം നൽകി സംഘത്തിന്റെ ജനറൽ മാനേജർ (അഡ്മിൻ) കെ.പി ഷാബു നിർവഹിക്കുന്നു

# അന്താരാഷ്ട്ര വനദിനാചരണം നടത്തി

## ജില്ലാതല ഉദ്ഘാടനം മേയർ നിർവഹിച്ചു, വനമിത്ര പുരസ്കാരം ദർശനം സാംസ്കാരിക വേദിക്ക് സമ്മാനിച്ചു

കോഴിക്കോട്: അന്താരാഷ്ട്ര വനദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം മേയർ ഡോ. ബീന ഫിലിപ് നിർവഹിച്ചു. വനംവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ 2022ലെ വനമിത്ര പുരസ്കാരം ചെലവൂർ കാളാണ്ടിത്താഴം ദർശനം സാംസ്കാരിക വേദിക്ക് മേയർ സമ്മാനിച്ചു. 25000 രൂപയും ഫലകവും സർട്ടിഫിക്കറ്റും ഉൾപ്പെട്ട പുരസ്കാരം ദർശനം സാംസ്കാരിക വേദിക്ക് വേണ്ടി സെക്രട്ടറി എം.എ ജോൺസൺ ഏറ്റുവാങ്ങി. മാനാഞ്ചിറയിൽ മിയാവാക്കി മാതൃകയിൽ സൂക്ഷ്മ വനം സ്ഥാപിക്കുന്നതിന് ദർശനം സാംസ്കാരിക വേദിക്ക് നഗരസഭാ കൗൺസിൽ അനുമതി നൽകിയതായി മേയർ അറിയിച്ചു. മാനാഞ്ചിറ മൈതാനത്തിന്റെ ഫൗണ്ടന് സമീപത്തുള്ള ഒരു സെന്റ് സ്ഥലത്ത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിലും പാർക്കിന്റെ സൗന്ദര്യത്തിന് കോട്ടം തട്ടാത്ത വിധത്തിലും ദർശനം സാംസ്കാരിക വേദിക്ക് സൂക്ഷ്മവനം പരിപാലിക്കാമെന്നും അവർ കൂട്ടിച്ചേർത്തു. സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് കെ. സുനൽകുമാർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. പരിസ്ഥിതി പ്രവർത്തകൻ പ്രൊഫ. ശോഭീന്ദ്രൻ അന്താരാഷ്ട്ര വനദിന സന്ദേശം നൽകി.മാത്തോട്ടം വനശ്രീ കോംപ്ലക്സിൽ നടന്ന പരിപാടിയിൽ കാവുകൾക്കുള്ള ധനസഹായ വിതരണവും നടന്നു. തുടർന്ന് ദർശനം സാംസ്കാരിക വേദി സെക്രട്ടറി എം.എ. ജോൺസൺ മറുപടി പ്രസംഗം നടത്തി. ദർശനം ഐ.ടി വിഭാഗത്തിലെ സി.എച്ച് സജീവ്കുമാർ തയ്യാറാക്കിയ ദർശനത്തിന്റെ 25 വർഷത്തെ പാരിസ്ഥിതിക-സാമൂഹ്യ-സാംസ്കാരിക-ഊർജ സംരക്ഷണ പ്രവർത്തനങ്ങളുടെ 10 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ചടങ്ങിൽ പ്രദർശിപ്പിച്ചു. ടിമ്പർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫിസർ എ.പി ഇംതിയാസ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആന്റ് ടെക്നിക്കൽ അസിസ്റ്റന്റ് എം.ജോഷിൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ബി.ജയസിംഹൻ, നാഷണൽ ഗ്രീൻകോർ ജില്ലാ കോ-ഓർഡിനേറ്റർ പി. സിദ്ധാർത്ഥൻ, മുൻ വനമിത്ര പുരസ്കാര ജേതാവ് തെച്ചോലത്ത് ഗോപാലൻ, സോഷ്യൽ ഫോറസ്ട്രി റേഞ്ച് ഫോറസ്റ്റ് ഓഫിസർ എം.എൻ നജ്മൽ അമീൻ, സോഷ്യൽ ഫോറസ്ട്രി റേഞ്ച് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ കെ.കെ. ബൈജു എന്നിവർ സംസാരിച്ചു. സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് കൺസർവേറ്റർ സത്യപ്രഭ സ്വാഗതവും വടകര സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫിസർ ബിജേഷ് കുമാർ.വി നന്ദിയും പറഞ്ഞു.



2022ലെ വനമിത്ര പുരസ്കാരം ചെലവൂർ കാളാണ്ടിത്താഴം ദർശനം സാംസ്കാരിക വേദിക്ക് വേണ്ടി സെക്രട്ടറി എം.എ ജോൺസൺ, മേയർ ബീനഫിലിപ്പിൽ നിന്ന് ഏറ്റുവാങ്ങുന്നു



വരാപ്പുഴ അതിരൂപത കുടുംബ വിശുദ്ധീകരണ വർഷത്തോടനുബന്ധിച്ച് ഇടവകകളിൽ നടത്തുന്ന ഹോം മിഷൻ പ്രോഗ്രാം ആർച്ച് ബിഷപ്പ് ഡോ.ജോസഫ് കളത്തിപറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു. ഫാ.പോൾസൺ സിമേന്തി, ഫാ.മാർട്ടിൻ തൈപറമ്പിൽ, ഫാ.യേശുദാസ് പഴമ്പിള്ളി, ഫാ.എഡിസൺ ജോസഫ് എന്നിവർ സമീപം

## മൂല്യങ്ങൾ പാലിക്കപ്പെടുന്ന വിശുദ്ധമായ അന്തരീക്ഷം കുടുംബങ്ങളിൽ ഉണ്ടാകണം: ആർച്ച്ബിഷപ്പ് ഡോ. ജോസഫ് കളത്തിപറമ്പിൽ

കൊച്ചി: സർവ്വ മൂല്യങ്ങളുടേയും കെട്ടുറപ്പും ആത്മീയതയുടെ അന്തരീക്ഷവും നിർബന്ധമായും പാലിക്കപ്പെടുന്ന സാഹചര്യം എല്ലാ കുടുംബങ്ങളിലും ഉണ്ടാകണമെന്ന് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത ഡോ.ജോസഫ് കളത്തിപറമ്പിൽ പറഞ്ഞു. വരാപ്പുഴ അതിരൂപത കുടുംബ വിശുദ്ധീകരണ വർഷത്തോടനുബന്ധിച്ചുള്ള ഹോം മിഷൻ പ്രോഗ്രാം കോതാട് തിരുഹൃദയ ദേവാലത്തിൽ വച്ച് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഫാമിലി അപ്പോസ്തലറ്റ് ഡയരക്ടർ ഫാ.പോൾസൺ സിമേന്തി, ബി.സി.സി ഡയരക്ടർ ഫാ.യേശുദാസ് പഴമ്പിള്ളി, കോതാട് വികാരി ഫാ.മാർട്ടിൻ തൈപ്പറമ്പിൽ, സഹവികാരി ഫാ. എഡിസൺ ജോസഫ്, സിസ്റ്റർ കാതറിൻ സി.ടി.സി, സിസ്റ്റർ ലിസി, സിസ്റ്റർ എലനോർ, എം.എൻ ജോസഫ്, വില്ലി, റോയ് എന്നിവർ സംബന്ധിച്ചു.



ഭാഷാശ്രീയുടെ 11ാം 'സാഹിത്യ-കലാസംസ്ഥാന പുരസ്കാരം 2022 സമർപ്പണവും' സാംസ്കാരിക സദസും സ്പോർട്സ് കൗൺസിൽ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന തിരക്കഥാകൃത്ത് ശത്രുഘ്നൻ

## 'ഭാഷാശ്രീ' കേരള സാഹിത്യ-കലാ-സാംസ്കാരിക രംഗത്ത് നാടിന്റെ അഭിമാനം: തിരക്കഥാകൃത്ത് ശത്രുഘ്നൻ

കോഴിക്കോട്: സാഹിത്യ സാംസ്കാരിക രംഗത്ത് പ്രതിഭകളെ ആദരിക്കുകയും പുത്തൻ എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുകയും പുസ്തക പ്രകാശന രംഗത്ത് വേരുറപ്പിക്കുകയും ചെയ്ത ഭാഷാശ്രീ കേരളത്തിന് പുതിയ പ്രതീക്ഷ നൽകുന്നുവെന്ന് എഴുത്തുകാരനും തിരക്കഥാകൃത്തുമായ ശത്രുഘ്നൻ പറഞ്ഞു. ഭാഷാശ്രീയുടെ 11ാം 'സാഹിത്യ-കലാസംസ്ഥാന പുരസ്കാരം 2022 സമർപ്പണവും' സാംസ്കാരിക സദസും കോഴിക്കോട് സ്പോർട്സ് കൗൺസിൽ ഹാളിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാഷാശ്രീ മാസികയുടെ കാഞ്ഞിക്കാവ് കുഞ്ഞികൃഷ്ണൻ സ്മരണിക പ്രകാശനവും, മുഖ്യപ്രഭാഷണവും മുൻ എം.എൽ.എ അഡ്വ.എം.കെ പ്രേംനാഥ് നടത്തി. പ്രീജ പ്രജീഷിന്റെ ബാല കവിതാ സമാഹാരത്തിന്റെ പ്രകാശനവും നടന്നു. പുസ്തകത്തിന്റെ പ്രകാശന പതിപ്പ് നാടകകൃത്ത് കെ.ടി.ബി കൽപ്പത്തൂർ, ശത്രുഘ്നനിൽ നിന്നും ഏറ്റുവാങ്ങി. ദേവദാസ് പാലേരി അധ്യക്ഷത വഹിച്ചു. ഭാഷാശ്രീ മുഖ്യപത്രാധിപർ പ്രകാശൻ വെള്ളിയൂർ, സദൻ കൽപ്പത്തൂർ, വി.കെ വസന്തൻ വൈജയന്തിപുരം, നോവലിസ്റ്റ് ടി.ടി സരോജിനി, സഹദേവൻ മൂലാട് എന്നിവർ ആശംസകൾ നേർന്നു. പുരസ്കാര ജേതാക്കൾ മറുപടി പ്രസംഗം നടത്തി. കെ.ടി.ബി കൽപ്പത്തൂർ (ലേഖനം, കഥ, നോവൽ), നിസ്സാം കക്കയം (ലേഖന സമാഹാരം, ജീവകാരുണ്യപ്രവർത്തനം, സാമൂഹിക സേവനം) കെ.പി സജീവൻ (കുട്ടികളുടെ നാടകക്കളരി കളിമുറ്റം) എന്നിവർ സമഗ്ര സംഭാവന വിഭാഗത്തിലും, ഡോ. മെഹറൂഫ് രാജ് (കഥ-വിടപറയാനാകാതെ) സുമിത്ര ജയപ്രകാശ് (ഓർമ- അച്ഛനാണ് എന്റെ ദേശം), ആനി ജോർജ് (ചെറുകഥ -നാലിലൊന്ന്), ബദരി (കവിത- വിചിത്രനർത്തനം), ഗംഗൻ വി.നായർ (നോവൽ ഒരു കാലത്തിന്റെ കഥ ), ഡോ.ഗണേഷ് ബാല (പഠനം- അമൃതവർഷിണി ), രാജീവൻ മുണ്ടിയോട് (പരിഭാഷ പണച്ചെടി) എന്നിവ സാഹിത്യ പുരസ്കാര വിഭാഗത്തിലും ഹാജറ കെ.എം ( ബാലകഥ കിച്ചുവും മുത്തശ്ശിയും), വിനോദ് കോട്ടൂർ (ബാലനോവൽ -കുഞ്ഞിപ്പശു), രമാദേവി ചെപ്പ് (ബാലകവിത മൂക്കുത്തി) എന്നിവർ ബാലസാഹിത്യ വിഭാഗത്തിലും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. പുരസ്കാര കൃതികളുടെ അവലോകനം വി.പി ഏലിയാസ് നടത്തി. വസന്തകുമാർ വൈജയന്തിപുരം, നോവലിസ്റ്റ് ടി.ടി സരോജിനി എന്നിവർ ആശംസകൾ നേർന്നു.പുരസ്കാര ജേതാക്കൾ മറുപടി പ്രസംഗം നടത്തി. സഹദേവൻ മൂലാട് നന്ദി പറഞ്ഞു.

## കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിന് പാക്കേജിങ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തും: കൃഷിമന്ത്രി പി.പ്രസാദ്

തിരുവനന്തപുരം: മൂല്യവർദ്ധനവിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുമെന്നും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുമെന്നും കൃഷിവകുപ്പ് മന്ത്രി പി. പ്രസാദ്. കർഷകരുടെ ഉൽപ്പന്നങ്ങൾ മൂല്യവർദ്ധനവ് നടത്തി വിപണനം നടത്തുന്നത് വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സാധ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞു. സുഗന്ധവ്യഞ്ജനങ്ങളുടയേും കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും കയറ്റുമതിക്ക് വേണ്ടിയുള്ള പാക്കേജിങ് എന്ന ഏകദിന പരിശീലന പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

11 വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് മൂല്യവർദ്ധിത മേഖലയിൽ സർക്കാർ ഇടപെടലുകൾ നടത്തുന്നതിനായി വാല്യു ആഡ് അഗ്രിക്കൾച്ചർ മിഷൻ രൂപീകരിച്ചു. കർഷകരുടെ പങ്കാളിത്തമുള്ള കേരള അഗ്രി ബിസിനസ് കമ്പനിയുടെ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. ഒരു കൃഷിഭവൻ ഒരു മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്ന തരത്തിൽ കേരളത്തിലെ കർഷകരുടയേും കൃഷികൂട്ടങ്ങളുടയേും ഉൽപ്പന്നങ്ങളെ ഓൺലൈൻ വിപണിയിൽ എത്തിക്കും. അതിനായി 'കേരൾ അഗ്രോ' ബ്രാൻഡ് തയ്യാറാക്കി. ആദ്യപടിയായി കൃഷിവകുപ്പിന്റെ തന്നെ 65 ഉൽപ്പന്നങ്ങളെ ഓൺലൈനിൽ ലഭ്യമാക്കി. വൈഗ ബിടു ബി മീറ്റ് നടത്തിയതിലൂടെ 39.76 കോടി രൂപയുടെ കർഷകരുടെ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള ധാരണപത്രം ഒപ്പുവച്ചു. ഇതിന്റെ തുടർച്ചയായി ബി 2 ബി മീറ്റുകൾ സംഘടിപ്പിക്കുമെന്നും ഈ വർഷത്തിനുള്ളിൽ 100 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു. വൈഗയുടെ തുടർ പ്രവർത്തനങ്ങൾക്കായി എല്ലാ ജില്ലകളിലും വൈഗ റിസോഴ്സ് സെന്ററുകൾ ഉടൻ ആരംഭിക്കും.

തിരുവനന്തപുരത്ത് നടന്ന വൈഗ 2023ൽ ഫെബ്രുവരി 27നാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ്ങുമായി ധാരണപത്രം ഒപ്പുവച്ചത്. മാർച്ച് മാസത്തിൽ തന്നെ ആദ്യ പരിശീലന പരിപാടി സംഘടിപ്പിക്കുവാനായത് നേട്ടം ആണെന്നും കേരള സർക്കാർ കർഷകരുടെ വിവിധ വിഷയങ്ങളിൽ ഉടനടി നടപടികൾ പൂർത്തിയാക്കുവാൻ പരിശ്രമിക്കുന്നുവെന്നും മന്ത്രി കൂട്ടിച്ചേർത്തു.

വിപണി അധിഷ്ഠിത പാക്കേജിങ് വർത്തമാനകാലത്തിന്റെ ആവശ്യമാണെന്നും കൃഷിവകുപ്പിന്റെ വിവിധ പരിപാടികളിൽ സഹകരിച്ചുകൊണ്ട് കർഷകർക്ക് പാക്കേജിങ് സാങ്കേതികവിദ്യയുടെ വിവിധ മേഖലകളിലെ അറിവുകൾ പകർന്നു നൽകുമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങ് ഹെഡും ജോയിന്റ് ഡയരക്ടറുമായ ഡോ. ബാബു റാവു ഗുഡൂരി പറഞ്ഞു. കാർഷികോൽപ്പാദന സംഘടനകൾ, കൃഷി വകുപ്പിലെ വിവിധ ഫാമുകളിലെ ഉദ്യോഗസ്ഥർ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, നബാർഡിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിശീലനത്തിൽ പങ്കെടുത്തു. സമേതി ഡയരക്ടർ ജോർജ് സെബാസ്റ്റ്യൻ സ്വാഗതവും ഐ.ഐ.പി ഡെപ്യൂട്ടി ഡയരക്ടർ ആർ. പൊൻകുമാർ നന്ദിയും പറഞ്ഞു.




സുഗന്ധവ്യഞ്ജനങ്ങളുടേയും കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടേയും കയറ്റുമതിക്ക് വേണ്ടിയുള്ള പാക്കേജിങ് ഏകദിന പരിശീലന പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കൃഷിമന്ത്രി പി.പ്രസാദ്

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.